5.02

ചരിത്രകഥകൾ.

2-6

നാലാം ക്ലാസ്സിലേക്ക്.

ഗ്രന്ഥകർത്താ :

പി. ഇ. ഡേവിഡ്, എം. എ., എൽ. ററി.

പ്രസാധകൻ :

കുഞ്ഞാപ്പു ഡി. മാത്യു.

തുശിവപേരൂർ

ക്ഷേമോദയം (വെൽഫെയർ) പ്രസ്സിൽ അച്ചടിച്ചതു്.

1117

Price As. 5] [വില 5 ണ.

വിഷയവിവരം.

		ഭാഗം.
൧.	രാജകുമാരനായ സിദ്ധാർത്ഥൻ	1
൨.	അലക്സാണ്ഡരും പുരുഷോത്തമനും	4
൩.	മഹാനായ അശോകൻ	8
൪.	വിക്രമാദിത്യൻ	11
൫.	കാളിദാസൻ	13
൬.	കരികാലമോളൻ	17
൭.	സുൽത്താൻ റെസിയ	19
൮.	മഹാനായ അക്ബർ	22
൯.	നൂർജഹാൻ	26
൧൦.	താജ് മഹൽ	28
൧൧.	ശിവാജി	30
൧൨.	ടിപ്പുസുൽത്താൻ	35
൧൩.	കൊച്ചിയിൽ ലന്തക്കാരുടെ വരവു്	38
൧൪.	ശക്തൻതമ്പുരാൻ	40
൧൫.	ബ്രിട്ടീഷ് കൊച്ചി	44
൧൬.	കണ്ണൽമെക്കോളയും ഇംഗ്ലീഷ് ആധിപത്യത്തിൽനിന്നൊഴിവാനുള്ള ശ്രമവും	46

ഭാഗം.

൬൯. കണ്ണൽമൺറൊ — ഒന്നാമത്തെ യൂറോപ്യൻ ദിവാൻ 48

൬൰. ദിവാൻ ശങ്കരവാരിയർ 50

൬൱. ദിവാൻ ശങ്കുണ്ണിമേനോൻ 52

൭൦. രാജഗോപാലാചാരിയും കൊച്ചി തീവണ്ടിയും — (സ്ഥാനത്യാഗംചെയ്ത പുണർതം രാമവമ്മ രാജാവും മാതൃകാരാജ്യമായ കൊച്ചിയും) 55

൭൧ കൊച്ചിയിലെ ആദ്യത്തെ മഹാരാജാവായ അത്തം തിരുനാൾ സർ രാമവമ്മത്തമ്പുരാൻ 57

൭൨. ചൊവ്വരെ വെച്ചു തീപ്പെട്ട ധാമ്മികചക്രവത്തി ശ്രീമൂലം തിരുനാൾ സർ, ശ്രീരാമവമ്മ ജി. സി. ഐ, എൽ. എൽ. ഡി. 59

൭൩. നാടുവാണരുളുന്ന കേരളവമ്മ മഹാരാജാവു് തിരുമനസ്സുകൊണ്ടു് 60

ചരിത്രകഥകൾ.

൧. രാജകുമാരനായ സിദ്ധാർത്ഥൻ.

ലോകത്തിൽ ഉണ്ടായിട്ടുള്ള മതാചാര്യന്മാരിൽ ഒരാളാണു ബുദ്ധമഹാമുനി എന്നറിയപ്പെടുന്ന സിദ്ധാർത്ഥൻ. ക്രിസ്തുവിനു 557 വർഷങ്ങൾക്കുമുമ്പാണ് ഇദ്ദേഹം ജനിച്ചു



തു. ഉത്തരേന്ത്യയിൽ ശാക്യരാജാവായ ശുദ്ധോദനന്റെ മകനായിരുന്നു നമ്മുടെ കഥാപുരുഷൻ. രോഹിണിനദി

യുടെ തീരത്തായിരുന്നു ശുദ്ധോദനന്റെ തലസ്ഥാനമായ കപിലവസ്തു എന്ന പട്ടണം സ്ഥിതിചെയ്തിരുന്നത്.

സിദ്ധാർത്ഥൻ ജനിച്ചു ഏഴോ, എട്ടോ ദിവസമായപ്പോൾ അമ്മയായ മായാദേവി പരലോകം പ്രാപിച്ചു. തന്നിമിത്തം രാജാവിന്റെ സഹോദരിയായ ഗൌതമിയാണു് കുട്ടിയെ വളർത്തിയതു്. ഗൌതമി വളർത്തിയതിനാൽ ജനങ്ങൾ ഗൌതമൻ എന്നു കുട്ടിയെ വിളിച്ചുപോന്നു.

ധൈര്യശാലിയും നല്ല ഒരു യോദ്ധാവുമായിരുന്നു ശുദ്ധോദനൻ. അദ്ദേഹം പുത്രനെ ആയുധവിദ്യകൾ വേണ്ടുംവിധം അഭ്യസിപ്പിച്ചു. യൌവ്വനാരംഭത്തോടുകൂടി വളരെ സുകുമാരിയായ ഒരു രാജകന്യകയെ കുമാരനു് വിവാഹം ചെയ്തുകൊടുത്തു. യശോധര എന്നായിരുന്നു ആ കന്യകയുടെ പേർ.

എന്നാൽ ലൌകികകാര്യങ്ങളിൽ ഗൌതമന്റെ മനസ്സു വ്യാപരിച്ചിരുന്നില്ല. അദ്ദേഹം എപ്പോഴും വിചാരത്തിൽ മഗ്നനായി കാണപ്പെട്ടു. സർവ്വജീവജാലങ്ങളേയും തന്നെക്കാൾ അധികം അദ്ദേഹം സ്നേഹിച്ചിരുന്നു. കുതിരപ്പന്തയത്തിൽ കുതിര വല്ലാതെ കിതക്കുന്നതുകണ്ടു് അതിനെ ബുദ്ധിമുട്ടിക്കുന്നതിനേക്കാൾ നല്ലതു തോല്പ്പുയാണെന്നു കരുതി പലതവണയും അദ്ദേഹം തോൽവിയെ സഹർഷം സ്വീകരിച്ചിരുന്നു. കൊട്ടാരത്തിൽനിന്നു പുറത്തിറങ്ങി സഞ്ചരിക്കുന്ന അവസരങ്ങളിലെല്ലാം മനസ്സിനെ വേദനിപ്പിക്കുന്ന ഏതെങ്കിലും കാഴ്ചകൾ കണ്ടാൽ കണ്ണുനീരോടുകൂടിയായിരിക്കും അദ്ദേഹത്തിന്റെ മടക്കം. ഇങ്ങിനെ ലോകത്തിലെ ദുരിതങ്ങളോരോന്നും അദ്ദേഹ

ത്തിന്റെ മനസ്സിൽ സ്ഥലംപിടിക്കാൻ തുടങ്ങി. ക്രമത്തിൽ അദ്ദേഹത്തിന്റെ ജീവിതരീതിയിൽ വലിയൊരു മാറ്റം സംഭവിച്ചു. ലോകജീവിതം ദുഃഖസംപൂർണ്ണമാണെന്നു് അദ്ദേഹത്തിനു തോന്നി. അതിൽനിന്നു മോചനം ലഭിക്കാനുള്ള മാർഗ്ഗം ആരായലായിരുന്നു അദ്ദേഹത്തിന്റെ പിന്നത്തെ ജോലി. ഒരു ദിവസം രാത്രി ഗൌതമൻ തന്റെ ഏക പുത്രനേയും യൌവ്വനയുക്തയായ ഭാര്യയേയും ഉപേക്ഷിച്ചു യാത്രപുറപ്പെട്ടു. മഗധരാജ്യത്തിന്റെ തലസ്ഥാനമായ രാജഗൃഹത്തിൽചെന്നു ഹിന്ദുമതതത്ത്വങ്ങൾ മനസ്സിലാക്കി. പിന്നീടു കാട്ടിൽപ്പോയി വളരെക്കാലം തപസ്സുചെയ്തു. അന്നു അദ്ദേഹത്തിനു മുപ്പതുവയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളൂ. ഏഴുകൊല്ലത്തോളം കഠിനമായ തപസ്സാചരിച്ചിട്ടും മനസ്സിനു ലേശംപോലും സമാധാനം സിദ്ധിച്ചില്ല അതിനാൽ അദ്ദേഹം തപസ്സു മതിയാക്കി ഇപ്പോൾ ബുദ്ധഗയ എന്നറിയപ്പെടുന്ന സ്ഥലത്തെത്തി ഒരു മരച്ചുവട്ടിൽ ഗാഢമായ ആലോചനയിൽ മുഴുകിയിരുന്നു. മനുഷ്യരെ പാപത്തിൽനിന്നും വിരമിപ്പിക്കുന്നതു സത്യം, സ്നേഹം, ക്ഷമ, നിഷ്കളങ്കജീവിതം എന്നിവയാണെന്നു ബോധം ഒടുവിൽ അദ്ദേഹത്തിനു് ഉണ്ടായി. ബുദ്ധിവികാസം സിദ്ധിച്ച അദ്ദേഹത്തെ അന്നുമുതൽ ബുദ്ധൻ എന്നാണു വിളിച്ചു വരുന്നതു്.

അദ്ദേഹം രാജ്യത്തിലേക്കു തിരിച്ചുവന്നു കാശി മുതലായ സ്ഥലങ്ങളിൽ തന്റെ പുതിയ മതം പ്രസംഗിപ്പാൻ തുടങ്ങി. മതപ്രചാരണത്തിനുവേണ്ടി നാനാദിക്കിലേക്കും ശിഷ്യന്മാരെ അയച്ചു ആദ്യമായി ബുദ്ധമതം സ്വീകരിച്ചതു തന്റെ കുടുംബക്കാർതന്നെയായിരുന്നു. ജന

തക്കു് അദ്ദേഹത്തിലുണ്ടായിരുന്ന വിശ്വാസം നിമിത്തം ലോകത്തിലെങ്ങും നിഷ്പ്രയാസം ബുദ്ധമതം വ്യാപിച്ചു. ഇപ്പോഴും ലോകത്തിലെ നാനാഭാഗങ്ങളിലും ബുദ്ധമതക്കാരെ നാം കണ്ടുവരുന്നുണ്ടു്.

സർവ്വ ജീവജാലങ്ങളോടും ദയ ഉള്ളവരായിരിക്കുക, അസത്യം പറയാതെ ജീവിക്കുക, സർവ്വ ജനങ്ങളും ഈശ്വരസന്നിധിയിൽ സമന്മാരാണെന്നറിയുക, പാപകാര്യങ്ങൾ ഒരിക്കലും ആചരിക്കാതിരിക്കുക എന്നിവയാണു ബുദ്ധമത തത്വങ്ങൾ.

നാല്പത്തഞ്ചുകൊല്ലത്തോളം തന്റെ മതതത്വങ്ങൾ പ്രസംഗിച്ചു മനുഷ്യരിൽ ആത്മവിശ്വാസം ഉളവാക്കിനാടെങ്ങും ബുദ്ധമതം പരത്തിയതിനുശേഷം ബുദ്ധൻ ക്രിസ്തുവിനു് മുമ്പു 487-ൽ ഇഹലോകവാസം വെടിഞ്ഞു.

2. അലക്സാണ്ഡരും പുരുഷോത്തമനും.

യൂറോപ്പിന്റെ തെക്കേ അറ്റത്തായി ഗ്രീസു് എന്നൊരു രാജ്യമുണ്ടു്. ഗ്രീസിലുള്ളവർ "അയോണിയൻ" ദ്വീപുകളിൽനിന്നു കുടിയേറിപ്പാർത്തവരാണെന്നാണു് ചിലർ പറയുന്നതു്. യവനിക എന്ന പദത്തിനു തിരശ്ശീല എന്നാണു് അർത്ഥം. അജ്ഞാതമായിരുന്ന ആ ദ്വീപിൽ താമസിച്ചിരുന്നവരാണു് അവർ എന്നതിനാലായിരിക്കണം അവർക്കു യവനന്മാർ എന്നു പേരുവരു

വാൻ കാരണം. നമ്മുടെ കഥ നടന്ന കാലത്തു അല ക്സാണ്ഡരായിരുന്ന ഗ്രീസിലെ രാജാവു — അദ്ദേഹം വിശ്രു തനായ ഒരു രണവീരനായിരുന്നു.



അലക്സാണ്ടർ രാജാവാകുമ്പോൾ അദ്ദേഹത്തിന്നു് ഇരുപതു വയസ്സു മാത്രമേ പ്രായമുണ്ടായിരുന്നുള്ളു. അദ്ദേ ഹം ഏതാനും വർഷങ്ങൾക്കുള്ളിൽ പലെ രാജ്യങ്ങളും പി ടിച്ചടക്കി സാമ്രാജ്യം വളരെ വലുതാക്കിത്തീർത്തു. അല

ക്ലാണ്ഡർ എന്ന പേരു കേൾക്കുമ്പോൾതന്നെ രാജാക്കന്മാർക്കു വളരെ ഭയമായിരുന്നു. അദ്ദേഹത്തോടു എതിരിടുന്നതു് അസാദ്ധ്യമെന്നു് അറിഞ്ഞിരുന്നതിനാൽ യുദ്ധം കൂടാതെതന്നെ അനവധി രാജാക്കന്മാർ അദ്ദേഹത്തിനു കീഴടങ്ങി. ഇങ്ങിനെ വെറും വാക്കുകൊണ്ടുപോലും തന്റെ രാജ്യം വിപുലമാക്കിത്തീർക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

പിന്നേയും വെറുതെയിരിക്കുവാൻ അദ്ദേഹം ഒരുങ്ങിയില്ല. ഒരു വലിയ സേനയുമായി ഏഷ്യാമൈനർ, തുർക്കി, പേർഷ്യ, അഫ്ഗാനിസ്ഥാൻ മുതലായ രാജ്യങ്ങളിൽക്കൂടി സഞ്ചരിച്ചു. ഒടുവിൽ അദ്ദേഹം വടക്കെ ഇന്ത്യയിൽ സിന്ധു നദിയുടെ തീരത്തു എത്തിച്ചേർന്നു.

അലക്സാണ്ഡരുടെ ഉദ്ദേശം സിന്ധു നദികടന്നു പഞ്ചാബു് ആക്രമിക്കണമെന്നായിരുന്നു. അദ്ദേഹത്തിനു വളരെ ക്ലേശങ്ങൾ അനുഭവിക്കേണ്ടിവന്നുവെങ്കിലും അതൊന്നും കണക്കാക്കാതെ അനവധി ചെറുതോണികൾ കൂട്ടിക്കെട്ടി ഒരു പാലം നിർമ്മിച്ചു നദി കടന്നു.

പഞ്ചാബിൽതന്നെ അക്കാലത്തു പല രാജാക്കന്മാർ ഉണ്ടായിരുന്നു. ഓരോന്നായി വളരെ രാജ്യങ്ങൾ അലക്സാണ്ഡർ കീഴടക്കി. പക്ഷെ സിന്ധു, ജലം എന്നീ നദികൾക്കിടയിലുള്ള രാജ്യം ഭരിച്ചിരുന്ന പുരുഷോത്തമൻ അദ്ദേഹത്തോടു പടവെട്ടുവാൻ തയ്യാറായി. പുരുഷോത്തമനും നല്ലൊരു സൈന്യമുണ്ടായിരുന്നു. തന്നിമിത്തം നദി കടക്കുന്ന കാര്യം അത്ര എളുപ്പമല്ലെന്നു് അലക്സാണ്ഡർക്കു ബോദ്ധ്യമായി. യുദ്ധതന്ത്രജ്ഞനായ അലക്സാണ്ഡർ നദീതീരത്തുകൂടെ വളരെ ദൂരം യാത്രചെയ്തു പുരുഷോ

ത്തമന്റെ സൈന്യങ്ങൾ അറിയാതെ നദി കടന്നു. ഈ സൂത്രം പുരുഷോത്തമൻ അറിഞ്ഞതേയില്ല. എങ്കിലും പുരുഷോത്തമൻ ഒഴിച്ചില്ല. അദ്ദേഹം ധീരതയോടുകൂടി ത്തന്നെ യുദ്ധംചെയ്തു. എന്നാൽ പരാജയമാണു ലഭിച്ചതു്. പുരുഷോത്തമനെ തടവുകാരനായി പിടിക്കയും ചെയ്തു.

പുരുഷോത്തമൻ യുദ്ധത്തിൽ പരാജിതനായെങ്കിലും ഒരു ധീരപുരുഷനാണെന്നു അലക്സാണ്ടർക്കു ബോദ്ധ്യമായി. അദ്ദേഹത്തെ വരുത്തി ആയുധംവെച്ചു കീഴടുവാൻ ആവശ്യപ്പെടുകയുംചെയ്തു. പറഞ്ഞതുപോലെ ചെയ്യാതെ ഗത്യന്തരമില്ലെന്നു കണ്ടു പുരുഷോത്തമൻ കീഴടങ്ങി. പിന്നീടു് അലക്സാണ്ടർ അദ്ദേഹത്തോടു "നിങ്ങളെ ഞാൻ എന്തുചെയ്യണം" എന്നു ചോദിച്ചു. "ഒരു രാജാവിനോടു് ആചരിക്കേണ്ടതായ രീതിയിൽ എന്നോടു പെരുമാറണം" എന്നായിരുന്നു പുരുഷോത്തമൻ പറഞ്ഞ മറുപടി.

അലക്സാണ്ടർ ഇതുകേട്ടു സന്തോഷിച്ചു. പുരുഷോത്തമനെക്കുറിച്ചുള്ള ബഹുമാനം പൂർവ്വാധികം വർദ്ധിക്കയും ചെയ്തു. അലക്സാണ്ടർ രാജ്യം തിരികെ കൊടുത്തു് അദ്ദേഹത്തിന്റെ മൈത്രി സമ്പാദിച്ചു.

ഈ സംഭവത്തിന്റെശേഷം മഗധരാജ്യം ആക്രമിപ്പാൻ അലക്സാണ്ടർ ആഗ്രഹിച്ചു സതൽജ് നദിവരെ ചെന്നു. പക്ഷെ പുതുമിത്രകളുടാടികളെ കണ്ടിട്ടു വളരെ കാലമായതിനാൽ ഇനി തിരിച്ചുപോകാതെ നിവൃത്തിയില്ലെന്നു അദ്ദേഹത്തിന്റെ സൈന്യം ശഠിച്ചതിനാൽ അലക്സാണ്ടർ വളരെ മനസ്താപത്തോടെ മടങ്ങി—പോകുംവഴി പിടിച്ചെടുത്ത സ്ഥലങ്ങളിലെല്ലാം കാരോ ചെ

റിയ സംഘം ഗ്രീക്കു കാവൽഭടന്മാരെ അദ്ദേഹം നിറുത്തുകയുണ്ടായി.

അലക്സാണ്ടർ തന്റെ മുപ്പത്തിമൂന്നാമത്തെ വയസ്സിൽ ബാബിലോണിൽവെച്ചു മരിച്ചു. തന്മൂലം പഞ്ചാബും, സിന്ധും തന്റെ സാമ്രാജ്യത്തോടു ചേർക്കുവാൻ ഉദ്ദേശിച്ചിരുന്നതു് അദ്ദേഹത്തിനു സാധിച്ചില്ല. ഇന്ത്യ ആക്രമിച്ച ഒന്നാമത്തെ പാശ്ചാത്യനായിരുന്നു അലക്സാണ്ടർ.

൨. മഹാനായ അശോകൻ.

മഗധാധിപനായ ചന്ദ്രഗുപ്തമൌര്യൻ അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ മകനായ ബിന്ദുസാരൻ രാജാവായി. അദ്ദേഹത്തിന്റെ പുത്രനായ അശോകൻ അന്നു ഉജ്ജയിനിയിലെ വൈസ്രായി ആയിരുന്നു എന്നാണു ബുദ്ധമതക്കാരുടെ മിക്ക ഗ്രന്ഥങ്ങളിൽനിന്നു മനസ്സിലാകുന്നതു്. തക്ഷശീലയിലെ വൈസ്രായി ആയിരുന്നു എന്നും ഒരു പക്ഷമുണ്ടു്. ബിന്ദുസാരന്റെ മരണശേഷം അശോകൻ രാജാവായി. അതു ബി. സി. 272-ൽ ആയിരുന്നു. മൂന്നു കൊല്ലത്തിനു ശേഷമായിരുന്നു അശോകന്റെ പട്ടാഭിഷേകം നിർവ്വഹിച്ചതു്.

അശോകൻ രാജാവായശേഷം തന്റെ രാജ്യം വിപുലമാക്കാനുള്ള ശ്രമങ്ങൾ തുടങ്ങി. അദ്ദേഹം കലിംഗരാജാവിനോടു യുദ്ധത്തിനു പുറപ്പെട്ടു. ബങ്കാൾ ഉൾക്കടലിന്റെ തീരത്തു മഹാനദിക്കും, ഗോദാവരിക്കും ഇടയിൽ സ്ഥിതിചെയ്തിരുന്ന രാജ്യമായിരുന്നു കലിംഗം.

അശോകന്റെ പുറപ്പാട് കണ്ടപ്പോൾ കലിംഗരാജാവും യുദ്ധത്തിന്നൊരുങ്ങി. ഭയങ്കരമായ ഒരു യുദ്ധം നടന്നു. യുദ്ധത്തിൽ അശോകൻതന്നെ ജയിച്ചു എന്നാൽ അതിൽ ഇരുകൂട്ടർക്കും ഭയങ്കരനാശം നേരിട്ടു. അനവധി ഭടന്മാരും വളരെ പൌരന്മാരും മരിച്ചു. തന്റെ ഉദ്ദ്യോഗം ഒന്നു മാത്രമാണല്ലൊ അത്തരം അനിഷ്ടങ്ങൾക്കെല്ലാം കാരണമെന്നോർത്തു് അശോകൻ വ്യസനിച്ചു. ഇനി ഒരിക്കലും താൻ യുദ്ധം ചെയ്കയില്ലെന്നു തീരുമാനിക്കുകയും അന്നുമുതൽ ബുദ്ധമതം സ്വീകരിക്കയും ചെയ്തു.

ദിവസങ്ങൾ കഴിയുംതോറും അശോകനു ബുദ്ധമതത്തോടു പ്രതിപത്തി കൂടിവരികയും ഒടുവിൽ അദ്ദേഹം ഒരു ബുദ്ധമതസന്ന്യാസിയായി തീരുകയും ചെയ്തു. ബുദ്ധമതം പ്രചരിപ്പിക്കുവാൻ അദ്ദേഹം വളരെ ശ്രമങ്ങൾ ചെയ്തിട്ടുണ്ടു്. ബുദ്ധമതക്കാരുടെ പുണ്യസ്ഥലങ്ങളെല്ലാം അദ്ദേഹം സന്ദർശിച്ചു. ആ മതത്തെ തന്റെ രാജ്യത്തിലെ മതമായി സ്വീകരിച്ചു. അശോകൻ രാജ്യത്തിൽ പല സ്ഥലങ്ങളിലും ശിലാസ്തംഭങ്ങൾ നാട്ടി അവയിൽ ബുദ്ധമത തത്വങ്ങൾ കൊത്തിയിടുവിച്ചു. അന്നു സ്ഥാപിച്ച സ്തംഭങ്ങളിൽ ചിലതു് ഇന്നും നശിച്ചിട്ടില്ല. അല്ലഹബാദിലുള്ള സ്തംഭം അതിന്നു ഉത്തമദൃഷ്ടാന്തമാണു്. ഇതിനും പുറമെ മതം പ്രചരിപ്പിക്കുന്നതിന്നു് അദ്ദേഹം നാനാസ്ഥലങ്ങളിലേക്കും പ്രത്യേകിച്ചു സിലോൺ, ബർമ്മ, മൈസൂർ എന്നീ രാജ്യങ്ങളിലേക്കും ബുദ്ധമതോപദേഷ്ടാക്കളെ അയക്കുകയും ചെയ്തു. സിലോണിലേക്കു് അയച്ചതു തന്റെ സഹോദരിയെത്തന്നെയായിരുന്നു എന്നാണു പറയുന്നതു്.

ബുദ്ധമതം പ്രചരിപ്പിക്കുന്നതിനു തന്റെ സമയത്തിന്റെ നല്ല ഒരു ഭാഗം അദ്ദേഹം ചെലവഴിച്ചിരുന്നെങ്കിലും ഭരണകാര്യത്തിലും പ്രജകളുടെ നന്മയെ മുൻനിർത്തി പ്രവർത്തിക്കുന്നതിലും അദ്ദേഹം ലേശംപോലും ഉദാസീനത കാണിച്ചിരുന്നില്ല. യാത്രക്കാരുടെ സൌകര്യത്തിനുവേണ്ടി നിരത്തുകൾ ഉണ്ടാക്കി അവയുടെ ഇരുവശങ്ങളിലും ആൽവൃക്ഷങ്ങൾ വെച്ചുപിടിപ്പിച്ചു. മനുഷ്യരേയും മൃഗങ്ങളേയും ചികിത്സിക്കുന്നതിനു് ആസ്പത്രികൾ സ്ഥാപിച്ചു. മൃഗങ്ങൾക്കുവേണ്ടി ആദ്യമായി പണിയിച്ച ആസ്പത്രി സൂറത്തിലായിരുന്നു. വിനോദത്തിനായി മൃഗങ്ങളെ വേട്ടയാടുന്ന പതിവു നിർത്തൽചെയ്തു. ജന്തുക്കളെ കൊല്ലുന്നവർക്കു കഠിനമായ ശിക്ഷ കൊടുക്കുന്നതാണെന്നു് അദ്ദേഹം വിളംബരപ്പെടുത്തി.

ഇപ്രകാരം സ്നേഹത്തോടും, ദൃഢതയോടും, നീതിയോടുംകൂടി അശോകൻ നാല്പതു സംവത്സരം രാജാവായിവാണു. "പൊതുജനങ്ങളുടെ നന്മക്കുവേണ്ടി പ്രവർത്തിക്കേണ്ടതു തന്റെ കടമയാണെന്നു് അദ്ദേഹം പലപ്പോഴും പറയാറുണ്ടായിരുന്നു". "ഹിംസ ചെയ്യരുതു്, മാതാപിതാക്കന്മാരേയും, തന്നിൽ മുത്തവരേയും ബഹുമാനിക്കണം, സത്യം സംസാരിക്കണം, ധർമ്മപ്രകാരം ജീവിക്കുന്നതാണു് മനുഷ്യന്റെ പ്രധാനമായ കടമ" എന്നിവയായിരുന്നു അദ്ദേഹം കല്ലുകളിലും, തൂണുകളിലും മറ്റും കൊത്തിച്ച ചില ബുദ്ധമതപ്രമാണങ്ങൾ. ഇവയിൽ ഒന്നെങ്കിലും അദ്ദേഹം ആചരിക്കാതിരുന്നിട്ടില്ല. ബി. സി. 232-ലാണു് അശോകൻ നാടുനീങ്ങിയതു്.

൪. വിക്രമാദിത്യൻ.

മൌര്യവംശരാജാക്കന്മാരുടെ ശക്തി ക്ഷയിച്ചശേഷം പ്രബലന്മാരായിതീർന്നത ഗുപ്തവംശക്കാരായിരുന്നു. ഈ വംശക്കാരനാണു സുപ്രസിദ്ധനായ ചന്ദ്രഗുപ്തൻ അഥവാ വിക്രമാദിത്യൻ. 'വിക്രമരാജൻ' വിക്രമാക്കൻ എന്നും മറും ചില കഥകളിൽ കാണുന്നതു് ഇദ്ദേഹത്തെക്കുറിച്ചുതന്നെയായിരിക്കണം. ഇദ്ദേഹത്തെ രണ്ടാം ചന്ദ്രഗുപ്തൻ എന്നു പറഞ്ഞുവരുന്നു. ഇദ്ദേഹത്തിന്റെ താവഴിയിൽതന്നെ ചന്ദ്രഗുപ്തൻ എന്നൊരു രാജാവു് ആദ്യം ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ മകനും വീര്യപരാക്രമിയുമായ സമുദ്രഗുപ്തന്റെ പുത്രനായ ചന്ദ്രഗുപ്തനാണു നമ്മുടെ കഥാനായകൻ.

ചന്ദ്രഗുപ്തൻ രാജാവായതു് അഞ്ചാം നൂറാണ്ടിന്റെ ആദ്യത്തിലാണു്. സ്ഥാനാരോഹണം കഴിഞ്ഞു് അധികം താമസിയാതെ അദ്ദേഹം മാളവ, ഉജ്ജയിനി, കത്തിയവാർ അഥവാ സൌരാഷ്ട്രം മുതലായ സ്ഥലങ്ങൾ സ്വരാജ്യത്തോടു ചേർത്തു. ആസ്സാം, നീപ്പാൾ മുതലായ സ്ഥലങ്ങളിലെ രാജാക്കന്മാർ അദ്ദേഹത്തെ വണങ്ങിവന്നു. ഇങ്ങിനെ ചന്ദ്രഗുപ്തന്റെ രാജ്യവും, ശക്തിയും വർദ്ധിച്ചുവന്നതോടുകൂടി ഭരണസൌകര്യത്തിനുവേണ്ടി അദ്ദേഹം തലസ്ഥാനത്തെ പാടലിപുത്രത്തിൽനിന്നു് അയോദ്ധ്യയിലേക്കു മാറി.

വിക്രമാദിത്യൻ ഒരു വിദ്വൽശ്രേഷ്ഠനായിരുന്നു അദ്ദേഹം വിദ്വാന്മാരെ പ്രോത്സാഹിപ്പിക്കുകയും ചെയ്തി

രുന്നു. അദ്ദേഹത്തിന്റെ രാജധാനിയിൽ വളരെ വിദ്വാന്മാർ താമസിച്ചിരുന്നു. അവരിൽ ഒമ്പതു പേർ മറ്റുള്ളവരെ അപേക്ഷിച്ചു മഹാ പണ്ഡിതന്മാരായിരുന്നു. ഇവരെയാണു നവരത്നങ്ങൾ എന്നു പറഞ്ഞുവരുന്നതു്. ഇവരിൽ ഒരുവനായിരുന്നു കവികുലശിരോമണിയായ കാളിദാസൻ.

ചന്ദ്രഗുപ്തന്റെ ഭരണകാലം ഏതാണ്ടു മുപ്പത്തി എട്ടു കൊല്ലത്തോളം നീണ്ടുനിന്നു. ആ കാലത്തു് അദ്ദേഹത്തിന്റെ പ്രജകൾ വളരെ സന്തുഷ്ടരായിത്തന്നെ ജീവിതം നയിച്ചു വിക്രമാദിത്യൻ ഹിന്ദുവായിരുന്നുവെങ്കിലും ബുദ്ധമതത്തിന്റെ വളർച്ചക്കു യാതൊരു തടസ്ഥവും വരുത്തിയിട്ടില്ല. എന്നുതന്നെയല്ല ബുദ്ധമതസന്ന്യാസികളേയും, ബുദ്ധമതാനുയായികളേയും പലവിധത്തിലും പ്രോത്സാഹിപ്പിക്കുകയും ചെയ്തു. യാത്രക്കാർക്കുള്ള വഴിയമ്പലങ്ങൾ, രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള വൈദ്യശാലകൾ മുതലായ ധർമ്മസ്ഥാപനങ്ങൾ അദ്ദേഹം ഏർപ്പെടുത്തി.

വിക്രമാദിത്യൻ നാടുവാണിരുന്ന കാലത്താണു ചൈനക്കാരനായ ഫാഹിയാൻ ഇന്ത്യയിൽ വന്നതു്. അദ്ദേഹം ഇന്ത്യയിൽ പല സ്ഥലങ്ങളിലും ചുറ്റി സഞ്ചരിക്കുകയും അദ്ദേഹത്തിന്റെ അറിവിൽപെട്ട പ്രധാന സംഗതികളെയെല്ലാം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്. ഇങ്ങിനെ എഴുതിവെച്ചിരിക്കുന്നതിൽനിന്നു അന്നത്തെ രാജ്യഭരണസമ്പ്രദായത്തെപ്പറ്റിയും, നാട്ടാചാരത്തെപ്പറ്റിയും എന്നല്ല പലേ കാര്യങ്ങളെക്കുറിച്ചും മനസ്സിലാക്കുവാൻ നമുക്കു സാധിച്ചിട്ടുണ്ടു്. ചന്ദ്രഗുപ്തന്റെ അഥ

വാ വിക്രമാദിത്യന്റെ ഭരണത്തെപ്പറ്റി രസാവഹമായി പലതും ഫാഹിയാന്റെ ഗ്രന്ഥങ്ങളിൽനിന്നു നമുക്ക് അറിവാൻ കഴിയും. ജനങ്ങളുടെ ഹിതമനുസരിച്ച് ഏതു മതവും സ്വീകരിക്കുന്നതിനോ മതാചാരങ്ങൾ അനുഷ്ഠിക്കുന്നതിനോ രാജാവിന്നു യാതൊരു വിരോധവുമുണ്ടായിരുന്നില്ല. ഹിന്ദുമതത്തിന്നു് ഇക്കാലത്തു പ്രാബല്യം സിദ്ധിച്ചിരുന്നു. ജനങ്ങൾ സമാധാനതല്പരന്മാരും, ധർമ്മിഷ്ഠന്മാരുമായിരുന്നു. കലാവിദ്യകൾ വിക്രമാദിത്യന്റെ കാലത്താണ് ഏറ്റവും പരിപുഷ്ടിപ്പെട്ടവന്നതു്. ചൈന, ഗ്രീസ്, റോം എന്നീ രാജ്യങ്ങളുമായി അദ്ദേഹം സഖ്യം സമ്പാദിച്ചിരുന്നതിനാൽ അവരുമായി വാണിജ്യം നടന്നിരുന്നു. തന്മൂലം അന്നത്തെ ഇന്ത്യ, സാമ്പത്തികാവസ്ഥയിൽ ഒരു നല്ല നിലയിൽ വരികയുംചെയ്തു. ഇപ്രകാരമുള്ള സംഗതികൾ നമുക്കു മനസ്സിലാകുന്നതു ഫാഹിയാന്റെ ഗ്രന്ഥങ്ങളിൽനിന്നാണ്.

---

൫. കാളിദാസൻ.

"കവികളിൽവെച്ചു ശ്രേഷ്ഠൻ കാളിദാസൻ" എന്നാണല്ലൊ പഴംചൊല്ല്. വിക്രമാദിത്യന്റെ രാജധാനിയിലുണ്ടായിരുന്ന നവരത്നങ്ങളിൽ ഒരാളായിരുന്നു കാളിദാസൻ എന്നു നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കാം. കാളിദാസൻ മന്ത്രഗുപ്തന്റെ പിൻവാഴ്ചക്കാരനായ കുമാരഗുപ്തന്റെ രാജധാനിയിൽ ഉണ്ടായിരുന്ന കവീയായിരു

ന്നു എന്നു ചിലർ അഭിപ്രായപ്പെടുന്നുണ്ട്. എന്നാൽ ആദ്യത്തെ അനുമാനത്തിനാണ് അധികം തെളിവുകാണുള്ളതു്.

കാളിദാസൻ ആടുകളെ മേയിച്ചു നടന്നിരുന്ന വനും പടുവിഡ്ഢിയും ആയിരുന്നു എന്നും പിന്നീടു കാളീപ്രസാദത്താൽ മഹാകവിയായി തീർന്നതാണെന്നും ഒരു കഥയുണ്ട്. എന്നാൽ യഥാർത്ഥം അങ്ങനെയല്ലെന്നും ഗുരുകുലത്തിൽ താമസിച്ചു തർക്കം, വ്യാകരണം, അലങ്കാരം, മീമാംസ മുതലായവ പഠിച്ചു് അസാമാന്യപണ്ഡിതനായി തീർന്ന ഒരാളാണു കാളിദാസൻ എന്നു ചിലർ പറയുന്നു. ഏതായാലും ആദ്യംപറഞ്ഞ അഭിപ്രായത്തിനാണ് അധികം പ്രമാണമുള്ളതു്.

കാളിദാസൻ ആടുകളെ മേച്ചു നടന്നിരുന്ന കാലത്തു മാളവയിൽ വിദ്യാസമ്പന്നയായ ഒരു കന്യകയുണ്ടായിരുന്നു. യൌവ്വനത്തിൽ കാലൂന്നിയപ്പോൾതന്നെ തർക്കത്തിൽ ജയിക്കുന്ന പുരുഷനെയല്ലാതെ വിവാഹംചെയ്യുകയില്ലെന്നു് അവൾ അച്ഛനെ അറിയിച്ചു. ഈ വിവരം അച്ഛൻ പല വിദ്വാന്മാരേയും അറിയിച്ചു. സൌന്ദര്യത്തിൽ ഭ്രമിച്ചു് അവളെ വരിക്കുന്നതിനായി വളരെ പണ്ഡിതന്മാർ അവിടെ എത്തി എന്നാൽ അവർക്കാർക്കും അവളെ തർക്കത്തിൽ തോല്പിക്കുവാൻ സാധിച്ചില്ല. അതിനാൽ അവർ ലജ്ജയോടും, ഈർഷ്യയോടുംകൂടി കാരോരുത്തരായി വാദത്തിൽ തോറ്റു മടങ്ങിപ്പോയി.

കുറേനാൾ കൊല്ലങ്ങൾക്കുശേഷം കന്യകയുടെ പിതാവു് അവളുടെ സ്വയംവരം തീർച്ചയാക്കി. ഈ വിവരം അറിഞ്ഞപ്പോൾ ഇവളെ ഒരു പാഠം പഠിപ്പിക്കണമെന്നു

ചില വിദ്വാന്മാർ നിശ്ചയിച്ചു. വിഡ്ഢിയായ ഒരുത്തനെ ക്കൊണ്ട് ഇവളെ വിവാഹം ചെയ്യിക്കണം എന്നായിരുന്നു അവരുടെ ആലോചന. അപ്രകാരം ഒരുത്തനെ അന്വേഷിച്ചുനടക്കുമ്പോൾ സുമുഖനായ ഒരു ആട്ടിടയനെ കണ്ടെത്തി. അവൻ ഒരു മരത്തിന്റെ കൊമ്പിന്മേലിരുന്ന് ആ കൊമ്പിന്റെതന്നെ കടവെട്ടുകയായിരുന്നു. ഈ പ്രവൃത്തികൂടി കണ്ടപ്പോൾ അവൻതന്നെയാണ തങ്ങളുടെ ഉദ്ദേശസാദ്ധ്യത്തിനു പറ്റിയവൻ എന്ന് അവർ തീർച്ചപ്പെടുത്തി. അവനെ വിളിച്ചു വിലപിടിച്ച വസ്ത്രങ്ങൾ ധരിപ്പിച്ചു കന്യകയുടെ ഗൃഹത്തിലേക്കു കൊണ്ടുപോയി.

ഒരക്ഷരംപോലും മിണ്ടിപ്പോകരുതെന്നു വിദ്വാന്മാർ ഇടയനോടു പറഞ്ഞിരുന്നു അന്തഃപുരത്തിൽ ഒരു ഭിത്തിയിൽ ലങ്കാധിപനായിരുന്ന രാവണന്റെ ചിത്രം ആ വിഡ്ഢിയുടെ കണ്ണിൽപ്പെട്ടു. "ഉടനെ അമ്മുമ്മേടെ രാഭണേ" എന്നു ഉറക്കെപ്പറഞ്ഞുപോയി. കന്യകാ ഇതു കേട്ടു പൊട്ടിച്ചിരിച്ചു. ചിരിക്കുവാൻ കാരണമില്ലെന്നും കുംഭകർണ്ണന്റേയും, വിഭീഷണന്റേയും പേരുകളിൽ ഉള്ള 'ഭ'കാരംതന്നെയാണ രാവണനാമധേയത്തിലും "വ"കാരത്തിനു പകരം യോജിച്ചതു് എന്നും ഒന്നിച്ചുണ്ടായിരുന്ന വിദ്വാന്മാരിൽ ഒരാൾ പറഞ്ഞു. ഈ വാദം യുക്തിയുക്തമെന്നു വിദുഷിക്കു തോന്നി. "ഭ"കാരത്തിന്റെ സാധുതയെ സമർത്ഥിച്ച വിദ്വാനെ വരിക്കുവാൻ അവൾ സമ്മതിച്ചു. പക്ഷെ ആ ശബ്ദം ഉച്ചരിച്ച ആളെത്തന്നെ വരിക്കേണ്ടതാണെന്നു് അവർ വാദിച്ചു. ഒടുവിൽ അവൾ ഇടയനെത്തന്നെ മാലയിട്ടു

വിവാഹം കഴിഞ്ഞു അല്പസമയത്തിനുള്ളിൽ രാജപുത്രിക്കു കാര്യമൊക്കെ മനസ്സിലായി. ഭർത്താവു പരമവിഡ്ഢിയാണെന്നും വിദ്വാന്മാരെല്ലാവരുംകൂടി തന്നെ വഞ്ചിച്ചതാണെന്നും അവൾക്കു ബോദ്ധ്യമായി. ദുഃഖിച്ചിട്ടു കാര്യമില്ലെന്നും എങ്ങിനെയെങ്കിലും ഭർത്താവിനെ മഹാവിദ്വാനാക്കിത്തീർക്കണമെന്നും അവൾ ഉറപ്പിച്ചു് ഉപദേശം കൊടുത്തു സമീപത്തുള്ള കാളീക്ഷേത്രത്തിലേക്കയക്കുകയുംചെയ്തു.

ഇടയൻ ഭാര്യയുടെ ഉപദേശം അക്ഷരംപ്രതി അനുഷ്ഠിച്ചു ക്ഷേത്രത്തിലെത്തി അകത്തു കടന്നു വാതിൽ അടച്ചു. അന്തിമയാമത്തിൽ പുറത്തുപോയിരുന്ന ദേവി അവിടെ എത്തി. വാതിൽ അടച്ചതായി കണ്ടതിനാൽ "അകത്തു് ആര്?" എന്നു വിളിച്ചുചോദിച്ചു. "അത് ആര്?" എന്നായിരുന്നു അതിന്റെ മറുപടി "കാളി" എന്നു ദേവി പറഞ്ഞതിനെ കേട്ടു് അകത്തു ദാസൻ എന്നും "എനിക്കു വിദ്യയുണ്ടാക്കിത്തരാമെന്നു സത്യംചെയ്താൽ തുറക്കാം" എന്നും നമ്മുടെ വിഡ്ഢി പറഞ്ഞു പഠിപ്പിച്ച തരത്തിൽതന്നെ ഇടയൻ മറുപടി പറഞ്ഞു. ദേവി അതിനു സമ്മതിച്ച ദാസൻ വാതിൽതുറന്നു കാളി ക്ഷേത്രത്തിനകത്തു കടന്നു തന്റെ കയ്യിൽ ഉണ്ടായിരുന്ന വാൾകൊണ്ടു "ഹരിഃ ശ്രീ" ന്യായി അവന്റെ നാവിന്മേൽ എഴുതി. ആ സമയം മുതല്ലു് ആട്ടിടയൻ മഹാവിദ്വാനും കവിയും ആയിതീർന്നു. ഇതാണു കാളിയുടെ ദാസനായ ആട്ടിടയൻ കവിയായതിനെപ്പറ്റി പറയാറുള്ള കഥ.

കാളിദാസന്റെ പ്രധാന കൃതികൾ രഘുവംശം,

കുമാരസംഭവം, മേഘദൂതം, അഭിജ്ഞാനശാകുന്തളം (വിക്രമോർവ്വശീയം) മാള വികാഗ്നിമിത്രം എന്നിവയാകുന്നു. ഇതിൽ ആദ്യത്തെ മൂന്നും കാവ്യങ്ങളും പിന്നത്തെ മൂന്നും നാടകങ്ങളുമാണ്. നാടകങ്ങളിൽവെച്ചു ശാകുന്തളമാണു പ്രഥമസ്ഥാനത്തെ അഹിക്കുന്നതു്.

൩൨. കരികാലചോളൻ.

പണ്ടു ദക്ഷിണ ഇന്ത്യയിൽ പാണ്ഡ്യം, ചേരം, ചോളം എന്നിങ്ങിനെ മൂന്നു പ്രധാനരാജ്യങ്ങൾ ഉണ്ടായിരുന്നു. ഇതു മുഴുവനും ദ്രാവിഡരാജ്യങ്ങളായിരുന്നു. ഇന്നത്തെ മധുര, തിരുനൽവേലി എന്നിവ പാണ്ഡ്യരാജ്യത്തിലും, മലയാളക്കര ചേരരാജ്യത്തിലും മദിരാശി അഥവാ കൊറമെണ്ടൽതീരം ചോളരാജ്യത്തിലും ഉൾപ്പെട്ടിരുന്നു. ഈ മൂന്നു രാജ്യങ്ങളും റോമസാമ്രാജ്യവുമായി കച്ചവടം നടത്തിയിരുന്നതും നാഗരികതയിൽ ഒരു നല്ല സ്ഥാനം വഹിച്ചിരുന്നതുമായിരുന്നു.

പത്താംനൂറ്റാണ്ടിൽ ചോളരാജ്യം ഏറ്റവും ഉയർന്ന ഒരു സ്ഥിതിയിൽ എത്തി. അക്കാലത്തു് അവിടത്തെ രാജാവായിരുന്ന കരികാലചോളൻ. അദ്ദേഹം ലങ്കാരാജ്യം ആക്രമിച്ചു. അവിടെനിന്നും അനേകംപേരെ കൂലിവേലചെയ്യിക്കാനായി ചോളരാജ്യത്തേക്കു കൊണ്ടുവരികയും ഉണ്ടായി.

അന്നു ആതൻ ആയിരുന്നു കേരളം ഭരിച്ചിരുന്നതു്.

അദ്ദേഹം വലിയ ഒരു യോദ്ധാവും പരാക്രമിയും ആയിരുന്നതിനാൽ കരികാലനോട് പടവെട്ടിനോക്കണമെന്ന് അദ്ദേഹത്തിന്ന് ആഗ്രഹം ജനിച്ചു.

യുദ്ധത്തിന്നു വേണ്ടസന്നാഹങ്ങളെക്കൂട്ടി സൈന്യവുമായി ആതൻ മോളരാജ്യത്തേക്ക് പുറപ്പെട്ട ഇതറിഞ്ഞു കരികാലനും പടക്ക് ഒരുങ്ങി. ഇരുസൈന്യങ്ങളും തമ്മിൽ "വെന്നിൽ" എന്ന സ്ഥലത്തുവെച്ച് ഏറ്റുമുട്ടി. ഘോരമായ ഒരു യുദ്ധംനടന്നു. പക്ഷെ ആർക്കാണു ജയം എന്നു പറയുവാൻ സാധിക്കാത്തവിധം അത്രക്കു സമശക്തന്മാരായിരുന്നു അവർ. രാജാക്കന്മാർമാത്രം തമ്മിൽ യുദ്ധംചെയ്യണമെന്നുദ്ദേശിച്ചു. ആതൻ കരികാലനെ പോരിനു വിളിച്ചു. അവർ ഇരുപേരും ഘോരമായി പൊരുതി. യുദ്ധത്തിൽ ആതൻ വെട്ടുകൊണ്ടു വീണു. കണക്കിലധികം രക്തം പ്രവഹിച്ചതിനാൽ ക്ഷീണിച്ചു തളരുകയും ചെയ്തു അതുകൊണ്ടു ദ്വന്ദയുദ്ധം തുടരുവാനൊ പൂർത്തിയാക്കുവാനൊ അദ്ദേഹത്തിന്നു സാധിച്ചില്ല. ഈ അപമാനമോർത്ത് ഇനി ജീവിച്ചിരിക്കുന്നതിനേക്കാൾ മരിക്കയാണു നല്ലതെന്നു നിശ്ചയിച്ചു അവിടെത്തന്നെ പട്ടിണികിടന്നു മരിച്ചു. ആതന്റെ മകൻ വാനവമ്മൻ രാജാവായപ്പോൾ കരികാലനോടു പകവീട്ടാനുള്ള ശക്തി അദ്ദേഹത്തിന്നുണ്ടായിരുന്നു എങ്കിലും ധർമ്മയുദ്ധത്താലാണല്ലൊ സ്വപിതാവിന്റെ പ്രാണത്യാഗമെന്നോർത്ത് അദ്ദേഹം സമാധാനിച്ചടങ്ങിയതേയുള്ളൂ. അദ്ദേഹം പിന്നീടു കരികാലനുമായി സഖ്യം സമ്പാദിച്ചു അദ്ദേഹത്തിന്റെ പുത്രിയെ വിവാഹംചെയ്തു. ഈ ബന്ധത്തിൽനിന്നുണ്ടായ മാന്യദേഹമാണ് ഇളയവമ്മപെരുമാൾ.

കരികാലന്റെ മരണാനന്തരം അദ്ദേഹത്തിന്റെ പൌത്രൻ നെടുമുടികിള്ളി രാജാവായി. അദ്ദേഹത്തിന്റെ കാലത്തു് കാവേരിപട്ടണം കടലെടുക്കുകയും തന്നിമിത്തം രാജ്യത്തിന്നു സാരമായ ഉടവുതട്ടുകയുംചെയ്തു.

൬. സുൽത്താൻ റെസിയ.

ഏതാണ്ടു് 740 കൊല്ലങ്ങൾക്കു മുമ്പു് ഡൽഹിയിൽ പത്താൻ അഥവാ പട്ടാണി വംശജന്മാരായ സുൽത്താന്മാർ ആയിരുന്നു വാണിരുന്നതു്. അടിമ, കിൽജി,



കൊല്ലക്ക്, സയ്യദ്, ലോഡി എന്നീ വംശക്കാർ പട്ടാണി സുൽത്താന്മാരിൽപ്പെട്ടവരാണ്. ഇതിൽ അടിമവംശത്തിൽപ്പെട്ടവളാണ് സുൽത്താൻ റെസിയ. ഇവളുടെ ഗോത്രക്കാർ 320 വർഷം രാജ്യം ഭരിച്ചിട്ടുണ്ട്.

മുഹമ്മദീയ രാജാക്കന്മാർ ഇന്ത്യയെ ആക്രമിച്ച അവസരങ്ങളിലെല്ലാം യുദ്ധത്തിൽ തോറ്റവരെ അടിമകളാക്കിപ്പിടിച്ച അവരുടെ മതം സ്വീകരിപ്പാൻ നിർബന്ധിച്ചിരുന്നു. മുഹമ്മദുഗോറിയുടെ കാലത്തു് അദ്ദേഹം പിടിച്ച തടവുകാരുടെ കൂട്ടത്തിൽ കുത്തബുദ്ദീൻ എന്നു പേരായ ഒരു ബാലൻ ഉണ്ടായിരുന്നു. തനിക്കു മക്കളില്ലാതിരുന്നതിനാൽ ഗോറി കുത്തബുദ്ദീനെ തന്റെ സ്വന്തമകനെപ്പോലെ വളർത്തുകയും, പ്രായമായപ്പോൾ ഒരു സേനാപതിയാക്കുകയും ചെയ്തു ഗോറി മരിച്ചശേഷം കുത്തബുദ്ദീൻ രാജാവായി. കുറെ കാലം അടിമയായിരുന്നതിനാൽ അദ്ദേഹത്തിന്റെ വംശത്തെ അടിമവംശം എന്നാണ് ഇന്നും പറഞ്ഞുവരുന്നതു്. ഈ വംശത്തിൽപ്പെട്ടവളാണ് റെസിയ.

കുത്തബുദ്ദീന്റെ കാലശേഷം അദ്ദേഹത്തിന്റെ ഒരു പുത്രനായ ആരാം രാജാവായി. അദ്ദേഹം പ്രാപ്തികുറഞ്ഞവനായിരുന്നതിനാൽ ബീഹാർ ഗവർണർ ആയിരുന്ന ഷംസുദ്ദീൻ ആൾത്തമിഷ് ആരാമിനെ തോല്പിച്ചു് ഇരുപത്തിഅഞ്ചു കൊല്ലത്തോളം അദ്ദേഹം സുൽത്താനായി രാജ്യംഭരിച്ചു. അദ്ദേഹത്തിന്റെ പുത്രൻ റുക്നുദ്ദീൻ ഒരു അലസനായിരുന്നു. ഏഴു മാസംമാത്രം രാജ്യം ഭരിച്ചശേഷം രാജ്യഭ്രഷ്ടനാകുകയും ആൾത്തമിഷിന്റെ

മകൻ റെസിയ സുൽത്താൻ പദത്തെ അലങ്കരിക്കുകയും ചെയ്തു.

നാലുകൊല്ലം മാത്രമേ റെസിയ രാജ്യംഭരിച്ചുള്ളൂ. അവൾ ബുദ്ധിമതിയും മഹാമനസ്കയും നീതിയോടുകൂടി രാജ്യംഭരിച്ചവളും ആയിരുന്നു. മതഭ്രാന്തുകൂടാതെ രാജ്യം ഭരിപ്പാൻ അവൾ ബദ്ധശ്രദ്ധയായിരുന്നു.

പുരുഷവേഷം ധരിച്ചു സിംഹാസനത്തിൽ ഇരുന്നു് അവൾ പ്രജകളുടെ സങ്കടങ്ങൾ കേട്ടിരുന്നു. രാജഭ്രഷ്ടയാകാതിരിക്കുന്നതിന്നും തൻറെ വൈരികളായ പ്രഭുക്കന്മാരെ അമർത്തേണ്ടതിന്നുമായി അവൾ അതിശൂരനായ തുർക്കിപ്പടത്തലവനെ കല്യാണം കഴിച്ചുവെന്നു്. പക്ഷേ സ്ത്രീനായകത്വം ഭൂരിപക്ഷം പ്രഭുക്കൾക്കും അസഹ്യമായിരുന്നു. അവളുടെ ഉദ്ദേശങ്ങൾ എല്ലാം അവർ പാടെ നശിപ്പിച്ചു. ബീഹാറുണ്ടയിലെ ഗവർണർ ആയ അൽഹണിയ ആയിരുന്നു അതിൽപ്രധാനി. അദ്ദേഹം യുദ്ധത്തിൽ റെസിയയെ തടവുകാരിയാക്കിപ്പിടിച്ചു.

ബുദ്ധിശാലിനിയായ റെസിയ വ്യസനിച്ചുവെങ്കിലും നിരാശപ്പെട്ടില്ല. സ്ത്രീസഹജമായ തന്ത്രങ്ങൾ ഉപയോഗിച്ചു് അവൾ അൽഹണിയെ വശത്താക്കി അദ്ദേഹത്തെ ഭർത്താവായി സ്വീകരിക്കയും ചെയ്തു. എന്നാൽ അതുകൊണ്ടും ഗുണമുണ്ടായില്ല. പ്രഭുക്കന്മാർ റെസിയയെ ഉപദ്രവിച്ചുകൊണ്ടിരിക്കയും ഒടുവിൽ അവളെ ഭർത്താവോടുകൂടി യുദ്ധത്തിൽ തോല്പിച്ചു് വധിക്കുകയും ചെയ്തു.

൩. മഹാനായ അക്ബർ.

പതിനാറാം നൂറ്റാണ്ടുമുതൽ ഏകദേശം ഇരുനൂറു കൊല്ലത്തോളം ഇന്ത്യ മുഗിലന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു ഒന്നാമത്തെ മുഗിളച്ചക്രവർത്തി ബേബർ ആയിരുന്നു ബേബർ എന്ന വാക്കിന്നു സിംഹം എന്നാണ് അർത്ഥം. പരാക്രമത്തിലും, ധൈര്യത്തിലും അദ്ദേഹം സിംഹതുല്യൻ തന്നെയായിരുന്നു.



അദ്ദേഹത്തിന്റെ കാലശേഷം മകൻ ഹുമയൂൺ സ്ഥാനം കയ്യേറുവെങ്കിലും അദ്ദേഹം വിവിധങ്ങളായ അനിഷ്ടങ്ങൾക്കു വശംവദനായി കഴിഞ്ഞുകൂടി. പിതാവിന്റെ കാലത്തു കൂടെനിന്നിരുന്ന പല രാജാക്കന്മാ

രും ഹുമയൂണിന്റെ കാലത്തു തലപൊക്കിത്തുടങ്ങുകയും ഓരോരുത്തരായി സ്വാതന്ത്ര്യം പ്രാപിക്കുകയുംചെയ്തു. അവരിൽ പ്രമാണി ബങ്കാളത്തിലെ ഷെർഖാൻ ആയിരുന്നു. അദ്ദേഹം ഹുമയൂണിനെ യുദ്ധത്തിൽ തോല്പിച്ചു. അദ്ദേഹം നാടുവിട്ടോടിപ്പോകുകയും ചെയ്തു. അന്നു അദ്ദേഹത്തിന്റെ ഭാര്യ ഗർഭിണിയായിരുന്നു. വളരെ നാൾ അലഞ്ഞു നടന്നശേഷം അവർ അമർകോട്ട എന്ന സ്ഥലത്തു മെന്നുമേന്നു. അവിടെവെച്ചു അദ്ദേഹത്തിന്റെ ഭാര്യ ഒരു ആൺകുട്ടിയെ പ്രസവിച്ചു. ഈ കുട്ടിയാണു പിന്നീടു വിശ്വവിശ്രുതനായിത്തീർന്ന അക്ബർ.

ഹുമയൂണിന്റെ തിരോധാനത്തിനുശേഷം ഷെർഖാൻ അഞ്ചുവർഷം രാജ്യംഭരിച്ചു. ഇതിനിടക്കു ഹുമയൂൺ പേഷ്വാരാജാവിന്റെ സഹായത്തോടുകൂടി ഒരു വലിയ സൈന്യത്തെ ശേഖരിച്ചു ദൽഹിയിൽ എത്തി ഷെർഖാന്റെ പിൻഗാമികളെ തോല്പിക്കയും മുഗളാധിപത്യം വീണ്ടും സ്ഥാപിക്കയുംചെയ്തു.

ഹുമയൂൺ മരിച്ചശേഷം അദ്ദേഹത്തിന്റെ പുത്രൻ രാജാവായി. പതിനാലു വയസ്സുമാത്രം പ്രായംഉണ്ടായിരുന്ന അക്ബറിനു ഭരണതന്ത്രം ഒന്നുംതന്നെ അറിയാമായിരുന്നില്ല അതിനാൽ ഹുമയൂണിന്റെ സഹോദരിഭർത്താവായ ബീറാംഖാൻ ആയിരുന്നു വേണ്ടപോലെ കാര്യങ്ങൾ നടത്തിയിരുന്നതു്. ഒരു നല്ല യോദ്ധാവു അറിഞ്ഞിരിക്കേണ്ടതായ സകല വിദ്യകളും അദ്ദേഹം അക്ബറിനെ പഠിപ്പിച്ചു. എന്നാൽ അദ്ദേഹത്തിന്റെ ചില കഠിനകൃത്യങ്ങൾ അക്ബറിനും, അമ്മക്കും രസിക്കാത്തതിനാൽ അദ്ദേഹംതന്നെ ഭരണം ഏറ്റെടുക്കാൻ

നിശ്ചയിച്ചു. ബീറാംഖാൻ സ്ഥാനം ഒഴിയുകയും, അക്ബർ നേരിട്ടു ഭരണം നടത്തുകയുംചെയ്തു.

അക്ബർ 1556 മുതൽ 1605 വരെ നാല്പത്തി ഒമ്പതു കൊല്ലം മുഗൾചക്രവർത്തിയായി വാണു. മുഗൾ സാമ്രാജ്യത്തിനു് ഉന്നതപദവി സിദ്ധിച്ചകാലം ഇതായിരുന്നു. എല്ലാവരുടേയും ഹിതമനുസരിച്ചു നിയങ്ങൾ നടപ്പിൽ വരുത്തി. ഇന്ത്യാക്കാരെ യോജിപ്പിക്കണമെന്നായിരുന്നു അക്ബറിന്റെ ഉദ്ദേശം. മുഹമ്മദീയരോടെന്നപോലെതന്നെ ഹിന്ദുക്കളോടും അദ്ദേഹം സ്നേഹത്തോടെ വർത്തിച്ചു. ഹൈന്ദവതീർത്ഥയാത്രക്കാരുടെമേൽ ചുമത്തിയിരുന്ന നികുതികളെല്ലാം വേണ്ടെന്നുവെച്ചു. ഹിന്ദുക്കളുടെ ഇടയിലുണ്ടായിരുന്ന ഉടന്തടിച്ചാട്ടം അഥവാ 'സതി' എന്ന ആചാരം നിറുത്തൽചെയ്തു. യാഗങ്ങൾക്കായി മൃഗങ്ങളെ കൊല്ലുന്നതു വിലക്കുകയുംചെയ്തു. അക്ബരുടെ പ്രധാനമന്ത്രി രാജടോഡർമൽ എന്നപേരായ ഒരു ഹിന്ദുവായിരുന്നു. മുഹമ്മദീയരേയും ഹിന്ദുക്കളേയും യോജിപ്പിക്കുവാൻ അവർ തമ്മിൽ മിശ്രവിവാഹത്തിനുള്ള ശ്രമങ്ങൾ നടത്തി. അക്ബർതന്നെ പല ഹിന്ദുസ്ത്രീകളേയും കല്യാണം കഴിച്ചു. അദ്ദേഹത്തിന്റെ മകനായ സലിം പരിണയിച്ചതു് ഒരു ഹിന്ദുസ്ത്രീയെയായിരുന്നു. അദ്ദേഹത്തിന്റെ സ്യാലനായ മാനസിംഹൻ ആയിരുന്നു അക്ബരുടെ പ്രധാന സേനാനായകൻ.

അക്ബർ ഒരു യോദ്ധാവും, സതന്ത്രജ്ഞനും ആയിരുന്നു എന്നു പറഞ്ഞുവല്ലൊ. അദ്ദേഹം അജ്മീർ, ഗോളിയോർ, ജോൻപൂരം, മാൾവ, ഗുജറത്തു്, സിൻഡ്,

ബങ്കാളം, കാബൂൾ, കസാഹാർ, കാശ്മീരം എന്നീ രാജ്യങ്ങൾ പിടിച്ചെടുത്തു മുഗൾസാമ്രാജ്യം വളരെ വലുതാക്കി.

അദ്ദേഹത്തിന്റെ രാജധാനിയിൽ പലെ വിദ്വാന്മാരും താമസിച്ചിരുന്നു. അബുൾ ഫസൽ എന്ന ചരിത്രകാരൻ അവരിൽ ഒരാളായിരുന്നു. അക്ബറി എന്ന പുസ്തകം ഇദ്ദേഹമാണ് എഴുതിയതു്. അക്ബർ എഴുതുവാനും, വായിക്കുവാനും അഭ്യസിച്ചിരുന്നില്ല. എങ്കിലും മറ്റുള്ളവരെക്കൊണ്ടു പുസ്തകം വായിപ്പിച്ചുകേൾക്കുക പതിവായിരുന്നു. അയ്യായിരത്തിലധികം പുസ്തകങ്ങളുള്ള ഒരു പുസ്തകശാല അദ്ദേഹത്തിനു് ഉണ്ടായിരുന്നു. ചിത്രം വരക്കുന്നതിലും സംഗീതത്തിലും വളരെ പ്രിയമുള്ളവനായിരുന്നു അക്ബർ. ശില്പവിദ്യയിലും അക്ബറിനു് അസാമാന്യതാല്പര്യമുണ്ടായിരുന്നു. അദ്ദേഹം പണി ചെയ്യിപ്പിച്ചിട്ടുള്ള ഫത്തുപൂർസക്രി എന്ന കെട്ടിടം ഇതിനു സാക്ഷ്യം വഹിക്കുന്നുണ്ടു്. തന്റെ നാണയങ്ങളിൽ മിലതിന്മേൽ "ന്യായമായിട്ടുള്ളതു ചെയ്യുന്നതു ദൈവപ്രസാദമാർഗ്ഗം" സന്മാർഗ്ഗി നശിച്ചതായി ഞാൻ കണ്ടിട്ടില്ല എന്നിങ്ങിനെ എഴുതിച്ചിരുന്നു.

ഫ്റാൻസിൽ വാണിരുന്ന ഹെൻറി നാലാമന്റേയും, ഇംഗ്ലണ്ടിലെ എലിസബത്തു് രാജ്ഞിയുടേയും, സ്പെയിനിലെ ഫിലിഫ് രണ്ടാമന്റേയും സമകാലീനനായിരുന്നു അക്ബർ. ബുദ്ധിശക്തിയിലൊ, ധൈര്യത്തിലൊ, കായ്പ്രാപ്തിയിലൊ, മഹാമനസ്കതയിലൊ അക്ബർ ഇവരിലൊട്ടും കുറഞ്ഞവനല്ലായിരുന്നു.

൯. നൂർജഹാൻ.

അക്ബറിന്റെ മൂത്തമകനായ സലിം രാജകുമാരൻ "ലോകം പിടിച്ചവൻ" എന്നർത്ഥമുള്ള ജഹാംഗീർ എന്ന പേരോടുകൂടി 1605-ൽ മുഗൾ ചക്രവർത്തിയായി. അദ്ദേഹത്തിന്റെ ഭാര്യയാണു ലോകത്തിന്റെ വെളിച്ചം എന്നർത്ഥമുള്ള നൂർജഹാൻ.

നൂർജഹാന്റെ പിതാവു ദരിദ്രനായ ഒരു പേഷ്കാരനായിരുന്നു. അയാൾ തന്റെ മകളോന്നിച്ചു ഉപജീവനമാർഗ്ഗമാരാഞ്ഞു് അക്ബറിന്റെ അടുക്കൽചെന്നു. അധികനാൾ കഴിയുന്നതിന്നുമുമ്പു് അയാൾക്കു ഒരു വലിയ ജോലി കിട്ടുകയും കാലക്രമത്തിൽ അയാൾ ഉന്നതപദവിയെ പ്രാപിക്കുകയുംചെയ്തു. അന്നു മകളുടെ പേർ മെഹർ ഉന്നീസ എന്നായിരുന്നു. അവൾ അമ്മയോന്നിച്ചു പലപ്പോഴും അക്ബരുടെ അന്തഃപുരത്തിൽ പോകുക പതിവായിരുന്നു. അവിടെവെച്ചു സലിം അവളെ കാണുവാനിടവരികയും സൌന്ദര്യത്തിൽ ഭ്രമിച്ചു് അവളെ തനിക്കു കല്യാണം കഴിച്ചുതരണമെന്നു സ്വപിതാവിനോടഭ്യർത്ഥിക്കയുംചെയ്തു. കുലമഹിമകൊണ്ടു തുല്യരോടു് ഒട്ടുംതന്നെ യോജിക്കാത്തവരുമായുള്ള ബന്ധത്തിന്നു് അക്ബർ വിരോധിയായിരുന്നു. എന്നുമാത്രമല്ല ഷെർ അഫ്ഖാൻ എന്നു പേരായ ഒരു ഉദ്യോഗസ്ഥനു അവളെ വിവാഹംചെയ്തു കൊടുപ്പിക്കുകയും അവനെ ബങ്കാളിൽ ഒരു ഉദ്യോഗസ്ഥനായി നിയമിക്കയുംചെയ്തു. അന്നുമുതൽ അവളുടെ വാസം ബങ്കാളിലായി.

ജഹാംഗീർ രാജാവായ ഉടൻ ഷെർ അഫ്ഘാനെ കൊല്ലിച്ചു മെഹർ ഉണ്ണീസയെ വരുത്തി ഗുണവതിയായ നൂർജഹാൻ തന്റെ ഭർത്താവിന്റെ ഘാതകനെ വരിക്കയില്ലെന്നു ശഠിച്ചുവെങ്കിലും മൂന്നു വർഷങ്ങൾക്കുശേഷം അവൾ ജഹാംഗീറിനെ ഭർത്താവായി സ്വീകരിച്ചു. വിവാഹത്തിനുശേഷം കൊട്ടാരത്തിലെ ദീപമെന്നർത്ഥമുള്ള നൂർജഹാൻ എന്നവളെ നാമകരണംചെയ്തു.

നൂർജഹാനെപ്പറ്റി ചക്രവർത്തിക്കു വലിയ ബഹുമാനമുണ്ടായിരുന്നു. നൂർജഹാൻ രാജ്യം ഭരിക്കുവാൻ പ്രാപ്തയാണ്. "എനിക്കു സുഖിച്ചിരുന്നാൽ മതി." എന്നു് അദ്ദേഹം പറയുകയുണ്ടായിട്ടുണ്ടത്രെ. വിവാഹശേഷം നൂർജഹാൻ തന്നെയാണു രാജ്യഭരണം നടത്തിവന്നതു്. അവളെ സഹായിക്കുവാനായി അവളുടെ സഹോദരൻ ആസഫ് ഖാനും ഉണ്ടായിരുന്നു.

ഭരണം ആരംഭിച്ചശേഷം ആദ്യമായി നൂർജഹാൻ ശ്രമിച്ചതു തന്റെ സ്ഥാനം സുസ്ഥിരമാക്കുവാനാണ്. അതിനുവേണ്ടി അവൾ തന്റെ സഹോദരപുത്രിയെ ജഹാംഗീറിന്റെ മൂന്നാമത്തെ പുത്രനായ ഖുറാമിനും തന്റെ ആദ്യവിവാഹത്തിലെ മകളെ ജഹാംഗീറിന്റെ ഇളയമകനായ ഷഹരിയാരിനും കല്യാണം കഴിച്ചുകൊടുത്തു.

ജഹാംഗീറിന്റെ കാലശേഷം ഷഹരിയാരിനെ രാജാവാക്കണമെന്നായിരുന്നു നൂർജഹാന്റെ ഉദ്ദേശം. ഇതറിഞ്ഞു പുറംലഹളക്കൊരുങ്ങിയെങ്കിലും അവനു മസലിപട്ടണത്തിലേക്കും അവിടെനിന്നു ബങ്കാളിലേക്കും ഓടിപ്പോകേണ്ടിവന്നു. അതിനുശേഷം അവൻ ജഹാം

ഗിവുമായി മൈത്രി സമ്പാദിക്കുകയും ജഹാംഗീർ അവ
ന്നു ലോകരാജാവു് എന്നർത്ഥമുള്ള 'ഷാജിഹാൻ' എന്ന
സ്ഥാനപ്പേർ കൊടുക്കുകയും ചെയ്തു.

ഒടുവിൽ ഷാജിഹാൻതന്നെ രാജാവാകയും, അദ്ദേ
ഹം നൂർജഹാന്നു് ഒരു നല്ല സംഖ്യ അടുത്തുൺ കൊടു
ത്തിരുത്തുകയും ചെയ്തു. ഭരണകാര്യങ്ങളിൽ ഇടപെടു
വാൻ ഷാജിഹാൻ അവളെ ഒരിക്കലും സമ്മതിച്ചില്ല.

---

൮൦ താജ്മഹൽ.


ജഹാംഗീറിന്റെ കാലശേഷം സ്ഥാനാംകയ്യേറ
ഷാജഹാൻ നൂർജഹാന്റെ സഹോദരന്റെ മകളെയാ
യിരുന്നു വിവാഹംചെയ്തിരുന്നതെന്നു മുമ്പു പറഞ്ഞുവ
ല്ലൊ. അവളുടെ പേർ മാമ്തസുമഹൽ എന്നാണു്.
ആ സ്ത്രീ വളരെ സുന്ദരിയും പതിഭക്തിയുള്ളവളുമായി
രുന്നു.

അവർ പതിമൂന്നു കൊല്ലത്തോളം ഷാജഹാന്റെ
ഭാര്യയായി ജീവിച്ചിരുന്നു. രോഗശയ്യയെ പ്രാപിച്ച
അവർ ഭർത്താവിനെ വിളിച്ചു രണ്ടു കാര്യങ്ങൾ പറഞ്ഞേ
ല്പിച്ചു. സപ്തമരണാനന്തരം ഷാജഹാൻ വേറെ ആരേയും
വിവാഹം ചെയ്യരുതെന്നും തന്റെ ഓർമ്മക്കായി ഒരു ശ
വകുടീരം പണിചെയ്യിപ്പിക്കണമെന്നും ആയിരുന്നു.

ഉത്തമാംഗനയായിരുന്ന തന്റെ ഭാര്യയെ ഷാജ
ഹാൻ വളരെ സ്നേഹിച്ചിരുന്നു. സതീരത്നമായിരുന്ന

പ്രണയിനിയുടെ അപേക്ഷപ്രകാരം ചെയ്യാമെന്നു് അ
ദ്ദേഹം ശപഥംചെയ്തു. അവിടം മരിച്ചശേഷം പണി
ചെയ്യിച്ച ശവകുടീരമാണു ലോകപ്രസിദ്ധമായ താജ്
മഹൽ.

താജ്മഹൽ ആഗ്രയിലാണു സ്ഥിതിചെയ്യുന്നതു്.
അതു പണിചെയ്യിപ്പിച്ചിട്ടു് ഏകദേശം മുന്നൂറു വർഷങ്ങ



ളായെങ്കിലും യമുനാനദിയുടെ തീരത്തു് അതു നില്ക്കുന്നതു
കണ്ടാൽ അടുത്ത കാലത്തു നിർമ്മിച്ചതാണെന്നു് ആർക്കും
തോന്നിപ്പോകും. അതുകൊണ്ടും വെൺമയോടും ശോഭയോ
ടുംകൂടിയാണു് അതു് ഇന്നും കാണപ്പെടുന്നതു്. വളരെ
വിലപിടിച്ചതും മനോഹരവുമായ മാർബിൾകൊണ്ടാ
ണു് അതു പണിചെയ്തിട്ടുള്ളതു്. വിലയേറിയ അനേ
വധി രത്നങ്ങൾ അതിന്റെ മാർബിൾ ഭിത്തികളിൽ
പതിച്ചിട്ടുണ്ടു്. മുപ്പതുവർഷംകൊണ്ടാണു് ഇതിന്റെ പ

ണികഴിഞ്ഞതെന്നും, മുപ്പതു ലക്ഷം രൂപാ ഇതിന്നു മൊത്ത വായിട്ടുണ്ടെന്നും കാണുന്നു.

താജ്മഹാളിനു പുറമെ വേറെ പല വിശിഷ്ടപണികളും ഷാജഹാൻ ചെയ്യിപ്പിച്ചിട്ടുണ്ട്. അവയിൽ പ്രധാനമായവ മയൂരസിംഹാസനം, ഡൽഹിയിലെ ജുമാമസ്ജിദ്, ആഗ്രയിലെ മെത്തിമഹൽ എന്നിവയാകുന്നു. എന്നാൽ താജ്മഹലിനോട്, താരതമ്യപ്പെടുത്തുന്നതായാൽ മറ്റുള്ളവ അത്ര കേമമല്ല. യൂറോപ്പിലാകട്ടെ ഏഷ്യയിലാകട്ടെ സാധനവിശേഷതയിലും പണിയുടെ മേന്മയിലും താജ്മഹലിനെ വെല്ലുന്ന വേറൊരു കെട്ടിടം ഇല്ലെന്നത്രെ പൊതുവായ അഭിപ്രായം.

ഷാജിഹാൻ സപ്രണയിനിയുടെ അന്ത്യശാസനത്തെ നിറവേറ്റി. അദ്ദേഹം മറ്റൊരുവളെ ഭാര്യയായി സ്വീകരിച്ചില്ല. ഈ കാരണങ്ങളാൽ അദ്ദേഹം എന്നും യശശ്ശരീരനായി ലോകങ്ങളുടെ ബഹുമാനത്തിന്നു പാത്രീഭവിക്കുന്നതാണ്.

---

൬൬. ശിവാജി.

ബോംബെയുടെ കിഴക്കായി പശ്ചിമഘട്ടത്തിന്റെ പരിസരങ്ങളിൽ ആണു മഹാരാഷ്ട്രരുടെ രാജ്യം പരിലസിക്കുന്നതു്. വടക്കുനിന്നു തെക്കോട്ടു നീണ്ടുകിടക്കുന്ന സഹ്യാദ്രിയുടേയും കിഴക്കുനിന്നു പടിഞ്ഞാട്ടു നീണ്ടുകിടക്കുന്ന സാറ്പുരാ, വിന്ധ്യൻ എന്നീ പർവ്വതങ്ങളുടേയും ഇടയിൽ കിടക്കുന്ന രാജ്യമാണു **മഹാരാഷ്ട്രം**. ഇന്നാട്ടുകാർ

ഉയരം കുറഞ്ഞവരും, ദൃഢഗാത്രന്മാരും, സഹനശക്തിയുള്ളവരും, യുദ്ധവീരന്മാരും, കുമ്മബുദ്ധികളും ആയിരുന്നു. ഒരു കാലത്തു് മഹാരാഷ്ട്രത്തിൽ അനവധി ഇടപ്രഭുക്കന്മാർ ഉണ്ടായിരുന്നു. അവർ അന്യോന്യം കലഹിച്ചും



കൊണ്ടാണിരുന്നതു്. പക്ഷെ ശിവാജി അവിടെ ജനിക്കയും അചിരേണ വിഷമതകളെയെല്ലാം ദൂരീകരിച്ചു മഹാരാഷ്ട്രത്തിന്റെ നായകനാവുകയും ചെയ്തു.

മുഗൾചക്രവർത്തിയായ അറംഗസീബിന്റെ കാലത്തു ശിവാജി മഹാരാഷ്ട്രത്തിനു പുറത്തുള്ള പല രാജ്യങ്ങളും ആക്രമിച്ചിട്ടുണ്ടു്. ദക്ഷിണേന്ത്യയെ ആക്രമിച്ചു ഡീനപ്പെടുത്തുവാൻ അറംഗസീബു ചെയ്ത ഉദ്യമങ്ങളെല്ലാം ശിവാജി നിമിത്തം വിഫലമായതേയുള്ളൂ.

ശിവാജിയുടെ അച്ഛനായ ഷാജി ഒരു മഹാരാഷ്ട്ര പ്രഭുവും ബീജപുരം രാജാവിന്റെ കീഴിൽ ഒരു ഗവണ്മെന്റുമായിരുന്നു. ജോലിത്തിരക്കു നിമിത്തം പുത്രനെ തന്റെ മേൽനോട്ടത്തിൽ വളർത്തുന്നതിനൊ, വിദ്യ അഭ്യസിപ്പിക്കുന്നതിനൊ അദ്ദേഹത്തിനു സാധിച്ചില്ല. ശിവാജിയുടെ അമ്മ ജീജിബായി ആയിരുന്നു അവനെ വളർത്തിവന്നതു്. മഹാരാഷ്ട്രരെയെല്ലാം സംഘടിച്ചു മുഹമ്മദീയരോടു് എതിരിടുവാനായി അവർ അവനെ ഉപദേശിച്ചിരുന്നു. മുഹമ്മദീയരുടെ ശക്തി അന്നു ക്ഷയിച്ചുവരുന്ന കാലമായിരുന്നു. ഇതിനുംപുറമെ പല ഹൈന്ദവ പുരാണങ്ങളും, ധീരന്മാരുടെ കഥകളും ജീജിബായി ശിവാജിയെ പറഞ്ഞുകേൾപ്പിച്ചിരുന്നു. തനിക്കും ഒരു വീരനായ യോദ്ധാവായിതീർന്നാൽകൊള്ളാമെന്ന ആഗ്രഹം ആ മാതാവു ശിവാജിയിൽ ഉളവാക്കി.

ഇവക്കൊന്നും ഫലമുണ്ടാകാതിരുന്നുമില്ല. ശിവാജി കൂട്ടുകാരുമായി മുഹമ്മദീയ രാജാക്കന്മാരുടെ നേരെ ചില ചില്ലറ ആക്രമണങ്ങൾ നടത്തി. ഭവാനിദേവിയുടെ കടാക്ഷം തങ്ങൾക്കുണ്ടെന്നു് അദ്ദേഹം വിശ്വസിച്ചു. ഇങ്ങിനെ കുറെനാൾ കഴിഞ്ഞു. ശിവാജി സൈന്യബലത്തെ പൂർവ്വാധികം വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. ശക്തിയോടൊപ്പം ആക്രമണങ്ങളും വളർന്നുവന്നു. അദ്ദേഹം പുരന്ദർകോട്ട കൈവശപ്പെടുത്തി. അധികം താമസിയാതെ ബീജപുരംസുൽത്താന്റെ ചില സ്ഥലങ്ങൾ ആക്രമിച്ചു. സുൽത്താൻ ഇതറിഞ്ഞു കോപാക്രാന്തനായി തന്റെ സൈന്യാധിപനായ അഫ്സുൽഖാന്റെ കീഴിൽ ഒരു സൈന്യം ശിവാജിയോടെതിരിടുവാനയച്ചു.

അഫ്സൽഖാന്റെ സൈന്യവുമായി എതിരിടുന്ന പക്ഷം തനിക്കു തോൽവി ഉണ്ടായേക്കുമെന്നു ശിവാജി ഭയപ്പെട്ടു. അതിനാൽ ശിവാജിയും അഫ്സൽഖാനും മാത്രമായി ഒരു കൂടിക്കാഴ്ചക്ക് അനുവാദം നല്കണമെന്നും എന്നാൽ യുദ്ധംകൂടാതെ പരമമൈത്രിയോടുകൂടി കീഴടങ്ങി സാമന്തരാജാവായി കപ്പംകൊടുത്തുകൊള്ളാമെന്നും അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം ശിവാജിയെ ആത്മാർത്ഥമായി വിശ്വസിച്ചു കൂടിക്കാഴ്ചക്കു സമയം നിശ്ചയിച്ചു. അദ്ദേഹത്തോടു നിശ്ചിതസ്ഥലത്തു് എത്തികൊൾവാൻ അനുവാദം കൊടുത്തു. എന്നാൽ അതിന്റെ അന്ത്യത്തിൽ ശിവാജി ഉപായം പ്രയോഗിച്ചു് അഫ്സൽഖാനെ വധിച്ചു. അദ്ദേഹത്തിന്റെ രാജ്യംപോലും ആക്രമിച്ചടക്കി സ്ഥാനാരോഹണംചെയ്തു.

ഈ കാലത്തു് അറംഗസീബ് സ്ഥാനാരോഹണം ചെയ്തു. ശിവാജി മുഗൾസാമ്രാജ്യത്തിലെ രാജ്യങ്ങളിൽ കൈവെച്ചുതുടങ്ങി. അറംഗസീബ് ഷയിസ്തഖാൻ എന്നതന്റെ സൈന്യാധിപനെ ശിവാജിയെ അമർത്തുവാനായി അങ്ങോട്ടയച്ചു. ശിവാജി ഒരു സൃഗാലബുദ്ധി ഉപയോഗിച്ചുനോക്കിയെങ്കിലും ഷയിസ്തഖാനെ കൊല്ലുവാൻ സാധിച്ചില്ല. അയാളുടെ നേരെ പ്രയോഗിച്ച വെട്ടേറ്റു ഷയിസ്തഖാന്റെ വിരലുകൾ മുറിഞ്ഞുപോയതേയുള്ളൂ. അയാൾ പിൻതിരിഞ്ഞു പലായനംചെയ്തു.

മേൽപറഞ്ഞ സംഭവത്തിനുശേഷം ജസ്വന്തസിംഹ, അഥവാ ജയസിംഹനെയാണു ശിവാജിയുടെ നേർക്കയച്ചതു്. അദ്ദേഹം ശിവാജിയെ ബന്ധനസ്ഥനാക്കി ദൽഹിയിലേക്കു കൊണ്ടുപോയി. അവിടെവെച്ചു അറംഗസീ-

ബ് മയ്യാദയായി തന്നോട് പെരുമാറാത്തതിനാൽ ശിവാജി കുപിതനാകുകയും മരിക്കുന്നതുവരെ അതു മറക്കയില്ലെന്നു ശപഥംചെയ്കയും ചെയ്തു.

ശിവാജി ഒരു തടവുകാരനായി കുറെ നാൾ അവിടെത്തന്നെ കഴിച്ചുകൂട്ടി ശിവാജിക്കു മധുരപലഹാരങ്ങൾ വലിയ കൊട്ടകളിലാക്കികൊണ്ടുപോകുക പതിവായിരുന്നു. ഒരു ദിവസം ശിവാജി ഒരു കൊട്ടയിൽ കയറിയിരുന്നു. അവന്റെ ഭൃത്യന്മാർ കൊട്ടയുംകൊണ്ടു പുറത്തുപോകുന്നതു കണ്ടപ്പോൾ പലഹാരമായിരിക്കുമെന്നു ദ്വേഷിച്ചു കാവൽഭടന്മാർ പരിശോധിച്ചില്ല. ഇങ്ങനെ ഉപായത്തിൽ രക്ഷപെട്ടശേഷം ശിവാജി വീണ്ടും ശത്രുക്കൾക്കു വശംവദനാകാതെ സൂക്ഷിച്ചിരുന്നു. ഈ സംഭവം നടന്നതു 1665-ൽ ആണ്.

രണ്ടു കൊല്ലംകൂടി കഴിഞ്ഞപ്പോൾ ശിവാജിയുടെ ശക്തി വർദ്ധിക്കുകയും തന്നെ രാജാവായി വിചാരിപ്പാൻ മുഗളന്മാരെപോലും നിർബ്ബന്ധിക്കുകയുംചെയ്തു. അദ്ദേഹം വെല്ലൂർ, ജിഞ്ചി മുതലായ കോട്ടകൾ പിടിക്കയും മറുള്ളവരിൽ 'ചതുർഭാഗം' എന്നറിയപ്പെടുന്ന ചൌത്തു് നികുതി പിരിച്ചെടുക്കയുംചെയ്തു "റെയിഗാർ" ആയിരുന്നു ശിവാജിയുടെ തലസ്ഥാനം. ഇങ്ങിനെ അദ്ദേഹം മഹാരാഷ്ട്രരുടെ ചക്രവർത്തിയായെന്നുതന്നെ പറയണം. ഹിന്ദുമതസംരക്ഷകനെന്ന വലിയ നിലയിൽ 1680-ൽ ശിവാജി അന്തരിച്ചു.

ശിവാജി ചെറുപ്പത്തിൽതന്നെ ആയുധവിദ്യ അഭ്യസിച്ചിരുന്നു. ദാദാജി എന്നൊരു ബ്രാഹ്മണനായിരുന്നു ശിവാജിയുടെ ഗുരു. അന്നു മഹാരാഷ്ട്രത്തിൽ രാമദാ

സൻ എന്നൊരു സ്വാമികഥം ഉണ്ടായിരുന്നു. അദ്ദേഹം ശിവാജിയുടെ കായ്യസചിവനും, ഗുരുവുമായിരുന്നു. അദ്ദേഹമാണു ശിവാജിയെ മഹാരാഷ്ട്രരുടെ രാജാവായി അഭിഷേകം ചെയ്യിച്ചതു്. സയീദായി എന്നായിരുന്നു ശിവാജിയുടെ ഭായ്യയുടെ പേർ.

൨൨. ടിപ്പു സുൽത്താൻ.

1749-ൽ ഹൈദരാലി മൈസൂർ രാജ്യത്തു ഒരു ഉദ്യോഗസ്ഥനായി ജോലിയിൽ പ്രവേശിച്ചു. അനന്യസാധാരണമായ മിടുക്കും ധീരതയുംകണ്ടു മൈസൂർ രാജാവു് അയാളെ ഒരു മഹാസൈന്യത്തിന്റെ നായകനായി നിയമിച്ചു. പിന്നീടു ക്രമത്തിൽ ഡിൻഡിഗലിലെ ഫൗജ്ദാർ ആയി. 1761-ൽ ഹൈദർ മൈസൂർ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി. ആ രാജ്യത്തിനു് അധിപനായിത്തീർന്നു. ഏതാണ്ടു് ഇരുപത്തിരണ്ടു കൊല്ലത്തോളം രാജ്യം ഭരിക്കയും ചെയ്തു.

ഹൈദരാലിയുടെ മകനാണു മൈസൂർപുലി എന്നു അറിഞ്ഞുവരുന്ന ടിപ്പു സുൽത്താൻ. 1782-ലാണു ടിപ്പു രാജാവായതു്. ടിപ്പുവിനു തന്റെ അച്ഛന്റെ ശേഷിയാകട്ടെ ബുദ്ധിശക്തിയാകട്ടെ ഉണ്ടായിരുന്നില്ല. അദ്ദേഹം അന്യമതവിദ്വേഷിയും സ്വമതത്തിന്റെ ഉല്ക്കർഷത്തിൽ അത്യധികം ആഗ്രഹം ഉള്ളവനും ആയിരുന്നു. ഇംഗ്ലീഷുകാരുമായി ഹൈദർ തുടങ്ങിവെച്ച യുദ്ധം തുടർന്നുപോകണം എന്നു പുത്രൻ നിശ്ചയിച്ചുറച്ചു.

ബോമ്പെയിൽനിന്നു അയച്ച ഒരു ബ്രിട്ടീഷ് സൈന്യത്തെ ടിപ്പു എതിർത്തു തോല്പിച്ചു. മംഗലാപുരം വളഞ്ഞു. ഇംഗ്ലീഷുകാർക്കു കീഴടങ്ങാതെ നിവൃത്തിയില്ലെന്നായി. അവിടെവെച്ചു് ഇരുകൂട്ടരും തമ്മിൽ സന്ധി ചെയ്തു.



അതിന്റെശേഷം അഞ്ചാറു കൊല്ലത്തേക്കു രാജ്യത്തെങ്ങും സമാധാനമായിരുന്നു. 1790-ൽ ടിപ്പു വീണ്ടും ആക്രമണത്തിനു മുതിർന്നു. കൊച്ചിയിൽകടന്നു ഏതാനുംഭാഗം കൊള്ളചെയ്തു നശിപ്പിച്ചു തിരുവിതാംകൂറിലേക്കു യാത്ര പുറപ്പെട്ടു. അവിടത്തെ രാജാവു ഇംഗ്ലീഷുകാരുടെ ഒരു മിത്രമായിരുന്നു. ഇംഗ്ലീഷുകാർക്കു തിരുവിതാംകൂർ രാജാവുമായുണ്ടായിരുന്ന ഉടമ്പടി അനുസരിച്ചു് അദ്ദേഹത്തെ സഹായിക്കാതെ ഗത്യന്തരമില്ലെന്നായി.

അവർ ഒരു സൈന്യവുമായി ശ്രീരംഗം കോട്ടയെ വളഞ്ഞു. ശ്രീരംഗം ടിപ്പുവിന്റെ തലസ്ഥാനനഗരമായിരുന്നു. അവിടെ കേന്ദ്രീകരിച്ചിട്ടുള്ള ഒരു കോട്ടയും ഉണ്ടായിരുന്നു. ശ്രീരംഗം ഇംഗ്ലീഷുകാർക്ക് അധീനപ്പെട്ടുമെന്നും, അവിടത്തെ കോട്ടയെ അവർ തകർത്തുകളയുമെന്നും ഭയപ്പെട്ട ടിപ്പു സമാധാനത്തിന്നു് അപേക്ഷിച്ചു. ഇംഗ്ലീഷുകാരുടെ ഇഷ്ടപ്രകാരം ഒരു സമാധാനത്തിന്നു തന്നെ തല്ക്കാലം ടിപ്പുവിന്നു വഴിപ്പെടേണ്ടിവന്നു. ടിപ്പുവിന്റെ രാജ്യത്തിൽ പകുതികൊടുക്കുക, തന്റെ രണ്ടു പുത്രന്മാരേയും ഇംഗ്ലീഷുകാരുടെവശം ഏല്പിക്കുക. ഇതായിരുന്നു സന്ധിയിലെ പ്രധാന വ്യവസ്ഥകൾ.

കുറെ കൊല്ലങ്ങൾക്കുശേഷം ടിപ്പു ഒന്നുകൂടി യുദ്ധത്തിന്നൊരുങ്ങി. 1799-ൽ ഇംഗ്ലീഷുപട്ടാളം ശ്രീരംഗത്തിൽ എത്തുകയും അവിടെവെച്ചുണ്ടായ യുദ്ധത്തിൽ ടിപ്പു മൃതിയടയുകയുംചെയ്തു.

ടിപ്പുവിന്റെ മരണശേഷം വാഴയ മൈസൂർ രാജവംശത്തിലെ അഞ്ചുവയസ്സു പ്രായമുള്ള കുട്ടിയെ അവിടത്തെ കിരീടാവകാശിയാക്കി. ഇന്നും ആ വംശക്കാരാണ് മൈസൂർ ഭരിച്ചുവരുന്നതു്. ടിപ്പുവിന്റെ രണ്ടു മക്കൾക്കും നല്ലൊരു സംഖ്യ മാലിഖാൻ കൊടുത്തു വെല്ലൂരിൽ താമസിപ്പിച്ചു. ടിപ്പുവിന്റെ കയ്യിൽനിന്നു പിടിച്ചെടുത്തിരുന്ന ദേശങ്ങൾ ഇംഗ്ലീഷുകാരും നൈസാമുംകൂടി ഭാഗിച്ചെടുത്തു. ഇംഗ്ലീഷുകാർക്കു ലഭിച്ചതാണു് സേലം, മധുര, മലബാർ എന്നീ പ്രദേശങ്ങൾ.

൨൩. കൊച്ചിയിൽ ലന്തക്കാരുടെ വരവു്.

വാസ്കോടിഗാമയുടെ നേതൃത്വത്തിൽ പോർത്തുഗീസുകാർ കൊച്ചിയിൽ വന്നതും കച്ചവടം തുടങ്ങിയതും മറ്റും നിങ്ങൾ ഓർക്കുന്നുണ്ടായിരിക്കുമല്ലൊ. പോർത്തുഗീസുകാരുടെ പ്രാബല്യം ഏതാണ്ടു കുറഞ്ഞതോടുകൂടി ലന്തക്കാരുടെ അഥവാ ഡച്ചുകാരുടെ ആഗമനമാണുണ്ടായതു്.

ലന്തക്കാർ ആദ്യമായി ലങ്കയിലെത്തി. അവിടെ സ്ഥാനമുറപ്പിച്ചു. മലയാളക്കരയിൽ വന്നു കച്ചവടം തുടങ്ങുവാൻ അവർക്കു് അത്യധികമാഗ്രഹമുണ്ടായിരുന്നു. ഇക്കാലത്തു കൊച്ചിയിൽ കടന്നുകൂടുവാൻ അവർക്കു തക്ക അവസരവും ലഭിച്ചു.

കൊച്ചിയിൽ അന്നു പിൻതുടർച്ചാവകാശകുഴപ്പമുണ്ടായിരുന്നു. നാടുവാണിരുന്ന പള്ളുരുത്തി താവഴിയിലെ തമ്പുരാൻ സ്വർഗ്ഗാരോഹണം ചെയ്തപ്പോൾ ചാഴൂർ താവഴിയിലെ ഒരു തമ്പുരാൻ രാജാവായി. അദ്ദേഹത്തിന്റെ കാലശേഷം മൂത്ത താവഴിയിലെ തമ്പുരാക്കന്മാർക്കു സ്ഥാനം കിട്ടുമെന്നായിരുന്നു എല്ലാവരും വിചാരിച്ചിരുന്നതു്. എന്നാൽ അങ്ങിനെ അല്ല സംഭവിച്ചതു്. പോർത്തുഗീസ്സുകാരുടെ സഹായത്തോടുകൂടി പള്ളുരുത്തി താവഴിയിലെ ഒരു തമ്പുരാനും, അനന്തരം ചാഴൂർ താവഴിയിലെ തമ്പുരാനും രാജാവായി. ഈ തമ്പുരാനും നാടുനീങ്ങി. പിന്നീടു വെട്ടത്തു താവഴിയിലെ ഒരു തമ്പുരാനാണു സ്ഥാനാരോഹണം ചെയ്തതു്. ഇതും പോർത്തുഗീസ്സുകാരുടെ സഹായ

ത്തോടുകൂടിതന്നെയായിരുന്നു ഇങ്ങിനെ മൂത്ത താവഴിയിലെ തമ്പുരാക്കന്മാർ കുഴങ്ങി. പോർത്തുഗീസ്സുകാർക്ക് അവരോട് വിരോധവുമായിരുന്നു. ഈ അവസരത്തിൽ മൂത്ത താവഴിയിലെ തമ്പുരാക്കന്മാർ കോഴിക്കോട് സാമൂതിരിപ്പാടിനോട് സഹായത്തിന്നപേക്ഷിച്ചു. ചാഴൂർ താവഴിയും അതിന്നനുകൂലിച്ചു. സാമൂതിരിപ്പാട് മൂത്ത താവഴി തമ്പുരാക്കന്മാരെ സഹായിക്കണമെന്നു വാശ്ദാനവും ചെയ്തു. ഈ അന്തഃഛിദ്രം നടന്ന കാലത്താണു പോർത്തുഗീസ്സുകാരുടെ വക സ്ഥലങ്ങൾ കൈക്കലാക്കുന്നതിനു ലന്തക്കാർ മലയാളക്കരയിലേക്കു പുറപ്പെട്ടത്.

സാമൂതിരിപ്പാടും മൂത്ത താവഴിയിലെ തമ്പുരാക്കന്മാരും ഉടൻ ലന്തക്കാരുടെ സഖ്യം സമ്പാദിച്ചു. 1661ൽ ലന്തക്കാർ ഞാറക്കൽ വന്നിറങ്ങി. പോർത്തുഗീസ്സുകാരുടെ വകയായി പള്ളിപ്പുറത്തുണ്ടായിരുന്ന അഴിക്കോട്ട കൈവശപ്പെടുത്തി. അതു സാമൂതിരിയെ ഏല്പിച്ചു കൊളമ്പിലേക്കു മടങ്ങുകയുംചെയ്തു. വഴിക്കു കൊച്ചിരാജാവിന്റെ സൈന്യാധിപനും പ്രധാന മന്ത്രിയുമായിരുന്ന പാലിയത്തച്ചൻ അവരെ കാണുകയും മൂത്ത താവഴി തമ്പുരാക്കന്മാരെ സഹായിക്കേണ്ടതാണെന്നു് അവരെ സചകായ്യത്തിൽ ഏല്പിച്ചയക്കുയുംചെയ്തു.

അധികം താമസിയാതെ ലന്തക്കാർ രണ്ടാമതും പോർത്തുഗീസ്സുകാരുടെ വകയായിരുന്ന കൊടുങ്ങല്ലൂർ കൈവശപ്പെടുത്തി. നാവികസൈന്യത്തോടുകൂടി അവർ കൊച്ചിയിലേക്കു യാത്ര പുറപ്പെട്ടു. മൂത്ത താവഴി തമ്പുരാൻ അവരെ എതിരേല്ക്കുകയും കൊച്ചിയുടെ തെക്കുഭാഗത്തായി കപ്പലിറങ്ങുകയുംചെയ്തു.

ലന്തക്കാർ പിന്നീടു പുറപ്പെട്ടതു മട്ടാഞ്ചേരിയിലേക്കാണു്. അവിടെവെച്ചു വെട്ടത്തു രാജാക്കന്മാരുടെ സൈന്യവും ലന്തക്കാരുമായി ഒരു യുദ്ധം നടന്നു. നായന്മാരായിരുന്നു വെട്ടത്തു രാജാക്കന്മാരുടെ പടയാളികൾ. യുദ്ധത്തിൽ അനവധി ലന്തക്കാർ ഹതരായി എങ്കിലും ഒടുവിൽ അവർതന്നെ വിജയംനേടി. ഇതിന്റെ ഫലമായി മൂത്ത താവഴി തമ്പുരാൻ രാജാവാകയുംചെയ്തു.

മട്ടാഞ്ചേരിയിൽവെച്ചുണ്ടായ യുദ്ധത്തിനുശേഷം ലന്തക്കാർ എറണാകുളവും, കൊച്ചിയും കൈവശപ്പെടുത്തി. കൊച്ചികോട്ട അവർ വെടിവെച്ചു തകർത്തുകളകയാണുണ്ടായതു്. ഈ സംഭവത്തോടുകൂടി കൊച്ചിയിൽ പോർത്തുഗീസ്സുകാരുടെ ശക്തി തീരെ ക്ഷയിക്കയും അവരുടെ വക ഫലങ്ങൾ എല്ലാം ലന്തക്കാർക്കു് അധീനമാകയുംചെയ്തു.

---

൮൪. ശക്തൻതമ്പുരാൻ.

ശക്തൻതമ്പുരാനെപ്പറ്റിയും, അദ്ദേഹത്തിന്റെ കഥകളെപ്പറ്റിയും കേട്ടിട്ടില്ലാത്തവർ കൊച്ചിയിലെന്നല്ല മലയാളക്കരയിൽതന്നെ വളരെ ദുർല്ലഭമാണു്. കൊല്ലവർഷം 926-ാമാണ്ടു കർക്കിടകമാസം 10-ാംനു വ്യാഴാഴ്ച കറുത്തവാവു ദിവസം പൂയം നക്ഷത്രത്തിലാണു തമ്പുരാൻ ജാതനായതു്. അന്നത്തെ രാജകുടുംബം വെള്ളാരപ്പിള്ളി കോവിലകത്തു താമസമാക്കിയിരുന്നു.

അതിനാൽ അവിടെവെച്ചുതന്നെയായിരുന്നു ശകുന്തളയുടെയും ജനനവും.

ശകുന്തളയുടെ ജനിച്ച് ഏതാണ്ടു മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ അമ്മ മരിച്ചു. തന്നിമിത്തം കുഞ്ഞമ്മത്തമ്പുരാന്റെ ശുശ്രൂഷയിലാണു കുട്ടി വളർന്നുവന്നതു്. 965-ാമാണ്ടിൽ, അതായതു തന്റെ മുപ്പത്തിരണ്ടാമത്തെ വയസ്സിൽ ഇളയതമ്പുരാനും വലിയതമ്പുരാനും തീപ്പെട്ടു. അപ്പോൾ ശകുന്തളയുടെ രാജ്യഭാരം കയ്യേല്ക്കുകയും ചെയ്തു.

ആദ്യമായി അദ്ദേഹത്തിന്റെ ശ്രദ്ധപതിഞ്ഞതു ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്നു രാജ്യത്തെ രക്ഷിക്കുവാൻവേണ്ടി കോട്ടകൾ പണിചെയ്യിപ്പിക്കുന്നതിലായിരുന്നു. അദ്ദേഹം തൃശ്ശിവപേരൂരും, തൃപ്പൂണിത്തുറയും ഓരോ കോട്ടകൾ തീർപ്പിച്ചു് അവയുടെ മദ്ധ്യത്തിലായി കോവിലകങ്ങളും പണിയിച്ചു. അതിൽപ്പെട്ടതാണു തൃശ്ശിവപേരൂരിൽ ഇന്നു നാം കാണുന്ന കോവിലകം. അതിനു് ഏകദേശം 150 കൊല്ലത്തെ പഴക്കം കാണും.

കോട്ടകൾ നിർമ്മിച്ചതിന്റെ ശേഷം സൈന്യത്തെ ശേഖരിക്കുന്നതിനും പരിഷ്കരിക്കുന്നതിനുമാണു ശകുന്തളതമ്പുരാൻ ഉത്സാഹിച്ചതു്. കോട്ടപ്പുറത്തു് ഒരു ഈഴവ സൈന്യത്തെ നിർത്തിയെന്നും അതിന്റെ നായകനു തണ്ടാൻ എന്ന സ്ഥാനവും ചില പദവികളും കല്പിച്ചുകൊടുത്തു എന്നും പറഞ്ഞുവരുന്നു. ഇതിനും പുറമെ പതിനായിരം നായർഭടന്മാരേയും അദ്ദേഹം ശേഖരിച്ചു. ഇവരെ നാലായി ഭാഗിച്ചു് ഓരോ കപ്പിത്താന്മാരെ

ഏല്പിച്ചു. ഈ നാലു സേനാനായകന്മാരുടേയും മേലധികാരിയായിരുന്നു പണിക്കർ കൂപ്പിത്താൻ.

ഭരണകാര്യങ്ങളിലും ശക്തൻതമ്പുരാൻ ഒട്ടും പിന്നാക്കമല്ലായിരുന്നു. ഗതാഗതസൌകര്യത്തിനായി നിരത്തുകൾ വെട്ടിക്കയും, നടക്കാവുവൃക്ഷങ്ങൾ നട്ടുനനച്ചിക്കയുംചെയ്തു. നീതിയോടുകൂടി രാജ്യം ഭരിക്കുന്നതിൽ അദ്ദേഹം സദാ ജാഗ്രൂകനായിരുന്നു. അനീതി പ്രവർത്തിക്കുന്നവരെ യമപുരിക്കയക്കാൻ തമ്പുരാന് ഒട്ടുംതന്നെ മടിയുണ്ടായിരുന്നില്ല. പാവങ്ങളെ ഉപദ്രവിക്കയും ജനങ്ങളിൽനിന്നു കൈക്കൂലി വാങ്ങുകയും ചെയ്തിരുന്ന ഉദ്യോഗസ്ഥന്മാർക്കു വധശിക്ഷതന്നെ തമ്പുരാൻ നല്കിയിരുന്നു.

ശക്തൻതമ്പുരാനെപ്പററി പലെ കഥകളും പറഞ്ഞുവരാറുണ്ട്. അതിൽ ഒന്നെങ്കിലും കേൾക്കുന്നതു നിങ്ങൾക്കു രസകരമായിരിക്കും. ഒരിക്കൽ ശക്തൻതമ്പുരാൻ തൃശ്ശിവപേരൂരിൽ എഴുന്നെള്ളിത്താമസിക്കുന്ന കാലത്തു വടക്കുംനാഥക്ഷേത്രത്തിന്റെ ചുററുമുള്ള തേക്കും കാടു വെട്ടിത്തെളിയിപ്പാൻ തീർച്ചയാക്കി. കൂലിക്കാർ പണിയുംതുടങ്ങി. അപ്പോൾ പാറമേക്കാവു് ക്ഷേത്രത്തിലെ വെളിച്ചപ്പാടു് തുള്ളിക്കൊണ്ടു തിരുമുമ്പിൽ വന്നു. "ഇതൊന്നും വെട്ടിക്കളയുവാൻ പാടില്ല. അച്ഛന്റെ ജടയാണെന്നറിയണം" എന്നിങ്ങനെ പറഞ്ഞു. തമ്പുരാനു ഇതുകേട്ടു കോപംവന്നു. "ഇതു നിന്റെ അച്ഛന്റെ ജടയാണല്ലെ. പട്ടാണിവന്നു ക്ഷേത്രം അശുദ്ധമാക്കിയ കാലത്തു നിന്റെ അച്ഛനും മറും ഇവിടെ ഉണ്ടായിരുന്നിട്ടും അതെല്ലാം നോക്കിക്കൊണ്ടിരുന്നതെങ്ങിനെ? ഇപ്പോഴാണോ ശൌര്യമൊക്കെ. അച്ഛന്റെ ജട

യായാലും മറെറന്തായാലും ശരി. കാട്ട വെട്ടിതെളിയിക്കാൻതന്നെയാണ തീച്ചയാക്കിയിരിക്കുന്നതു് എന്നു പറഞ്ഞു. ഇതു കേട്ട് "എന്നാൽ കാട്ടിത്തരാം" എന്നു പറഞ്ഞു വെളിച്ചപ്പാട വാൾ തലയിൽവെച്ചു മിലനു കൊണ്ടൊന്നടിച്ചു. തമ്പുരാന് ചിരിയും കോപവും വന്നു. ഈ മൂച്ചയില്ലാത്ത വാളുകൊണ്ടു ബുദ്ധിമുട്ടുന്നതെന്തിനാണ—മൂച്ചയുള്ള വാൾ എൻെറ കൈവശം ഉണ്ട്. എന്നു പറഞ്ഞു വെളിച്ചപ്പാടിൻെറ തല വെട്ടി താഴെയിട്ടു.

ഈ വർത്തമാനം തമ്പുരാനെ എടുത്തു വളർത്തിയ കുഞ്ഞമ്മത്തമ്പുരാൻ കേട്ടു. "ഭഗവതിയെ ഇങ്ങിനെ ചെയ്യാമോ കുഞ്ഞിപ്പിള്ളെ" എന്നു ചോദിച്ചു. തമ്പുരാൻ ഇതിനു മറുപടിയായി "ഭഗവതിയെ ഞാൻ ഒന്നും ചെയ്തില്ല. മത്തതു കോമരമാണ്" എന്നു പറഞ്ഞു. കോമരത്തെ വീട്ടിലെ ഒരാളായിരുന്നു ഈ നമ്മുടെ വെളിച്ചപ്പാട് എന്നും, അതുകൊണ്ടാണ "മത്തതു കോമരമാണെ"ന്നും തമ്പുരാൻ പറയുവാൻ കാരണമെന്നും പറയുന്നു. കോമരമെന്ന ശബ്ദത്തിനു വെളിച്ചപ്പാടാകുന്ന ആൾ എന്നും വ്യവഹരിക്കാറുണ്ട്.

കൊല്ലവർഷം 966-ാമാണ്ടിൽ ശക്തൻതമ്പുരാൻ ഇംഗ്ലീഷുകാരുമായി ഒരു ഖരാർ ചെയ്തിരുന്നു. കൊച്ചി രാജാവു് ഇംഗ്ലീഷുകാരുടെ സംരക്ഷണയിൽ ഇരുന്നുകൊള്ളാം എന്നും കൊച്ചിയെ അവർ ശത്രുക്കളിൽനിന്നു രക്ഷിക്കാമെന്നും ഇരുകൂട്ടരും അതിൽ സമ്മതിച്ചിരുന്നു. കൊച്ചി രാജാവിനേയും, രാജ്യത്തേയും ശത്രുക്കളിൽനിന്നു രക്ഷിക്കുന്നതിനു് ഒരു ലക്ഷം ഉറുപ്പിക കപ്പംകൊടു

ക്കണമെന്നും ഖരാറിൽ ഒരു വ്യവസ്ഥ ഉണ്ടായിരുന്നുവത്രെ. തമ്പുരാന്റെ അന്ത്യകാലമായപ്പോഴക്കും ഓരോ കാരണവശാൽ അദ്ദേഹത്തിന്നു് ഇംഗ്ലീഷുകാരോടു രസമില്ലാതായിത്തുടങ്ങി. ഇംഗ്ലീഷുകാരോടു് എതിർക്കുന്നതു രാജ്യത്തിന്നു ദോഷകരമാണെന്നു തമ്പുരാൻതന്നെ തന്റെ പിൻഗാമികളോടു പറയുകയുണ്ടായിട്ടുണ്ടത്രെ. 1014-ൽ തന്റെ 54-ാമത്തെ വയസ്സിൽ ശക്തൻതമ്പുരാൻ മഹമഗതിയെ പ്രാപിക്കുകയുംചെയ്തു.

൪൭ ബ്രിട്ടീഷ് കൊച്ചി.

പോർത്തുഗീസ്സുകാരെ തുടർന്നു വേറെയും പാശ്ചാത്യർ കച്ചവടത്തിന്നുവേണ്ടി ഇന്ത്യയിലേക്കു പുറപ്പെട്ടു. ലന്തക്കാർ വന്നകാലത്തു് ഇംഗ്ലീഷുകാർ കൊച്ചിയിൽ സ്ഥലം പിടിച്ചിരുന്നു. ഇംഗ്ലണ്ടിലേക്കു കുരുമുളകു് കയറ്റി അയക്കുകയായിരുന്നു അവരുടെ പ്രധാന തൊഴിൽ.

ഇക്കാലത്താണു ഫ്രഞ്ചുകാർ ലന്തക്കാരുടെ രാജ്യം ആക്രമിച്ചു കൈവശപ്പെടുത്തിയതു്. അന്നു സുപ്രസിദ്ധനായ നെപ്പോളിയനായിരുന്നു ഫ്രാൻസിന്റെ അധിപൻ. രാജ്യം അന്യാധീനപ്പെട്ടതോടുകൂടി ലന്തരാജാവു ഇംഗ്ലീഷുകാരെ അഭയം പ്രാപിച്ചു. അവർ അദ്ദേഹത്തെ സൌഹാർദ്ദത്തോടുകൂടി സ്വീകരിക്കയുംചെയ്തു.

ലന്ത രാജാവു് ഇംഗ്ലണ്ടിൽ ചെന്നതോടുകൂടി ലന്തക്കാരുടെ വകയായി പുറംരാജ്യങ്ങളിൽ ഉള്ള സ്ഥലങ്ങ

ളെല്ലാം ഇംഗ്ലീഷുകാക്ക് വിട്ടുകൊടുക്കണമെന്നു അവർ ലന്ത ഗവർണർമാരെ അറിയിച്ചു. ഇപ്രകാരം ചെയ്തതു ലന്തക്കാക്ക് ഇന്ത്യയിലും മറ്റും ഉണ്ടായിരുന്ന സ്ഥലങ്ങൾ ഫ്രഞ്ചുകാരുടെ കീഴിൽ വരരുതെന്നുള്ള ഉദ്ദേശത്തോടു കൂടിയായിരുന്നു. രാജാവിന്റെ കല്പനയനുസരിച്ചു കൊച്ചിയിലെ സ്ഥലങ്ങൾ ഏറ്റെടുക്കാനായി ഒരു ഇംഗ്ലീഷു സൈന്യം അവിടെ വന്നു. എന്നാൽ ലന്ത ഗവർണർ ആയിരുന്ന വെൽസ്റ്റാൽ അതിനു സമ്മതിച്ചില്ല. അപ്പോൾ ഇംഗ്ലീഷുകാക്ക് അവരോടു യുദ്ധംചെയ്യാതെ നിവൃത്തിയില്ലെന്നായി. സംഗതികൾ ഗൌരവത്തോടു കൂടിയ നിലയിലെത്തിയപ്പോൾ ലന്ത ഗവർണർ അന്നത്തെ കൊച്ചി രാജാവായ രാമവർമ്മയോടു സഹായം അഭ്യർത്ഥിച്ചു. എന്നാൽ രാജാവു ലന്തക്കാരെ സഹായിച്ചില്ല. യഥാർത്ഥം പറകയാണെങ്കിൽ അവരുടെ പ്രാബല്യത്തെ കുറക്കുവാനായി പലതും പ്രവർത്തിക്കുകകൂടിചെയ്തു. ഇംഗ്ലീഷുസൈന്യം കൊച്ചിക്കോട്ട പിടിക്കുവാനുള്ള ശ്രമവും തുടങ്ങി. ഒടുവിൽ ഗത്യന്തരമില്ലെന്നു വന്നപ്പോൾ ലന്തക്കാർ ഇംഗ്ലീഷുകാക്ക് കീഴടങ്ങി സ്ഥലങ്ങൾ വിട്ടുകൊടുത്തു. ലന്തക്കാർ പലരും കൊച്ചി വിട്ടുപോയെങ്കിലും അപൂർവ്വം ചിലരവിടെത്തന്നെ താമസമുറപ്പിച്ചു.

ഇങ്ങിനെ കൊച്ചിയിൽ ലന്തക്കാരുടെ കൈവശമുണ്ടായിരുന്ന സ്ഥലം ഇംഗ്ലീഷുകാരുടെ കൈക്കലായിത്തീർന്നു. ഇതിനെയാണ് ഇന്നും ബ്രിട്ടീഷുകൊച്ചി എന്നു പറഞ്ഞുവരുന്നതു്.

൪൩. കർണൽ മെക്കോളയും ഇംഗ്ലീഷ് ആധിപത്യത്തിൽനിന്നൊഴിവാനുള്ള ശ്രമവും

അന്നത്തെ കൊച്ചിരാജാവായിരുന്ന രാജരാജവമ്മത്തമ്പുരാൻ ഇംഗ്ലീഷുകാക്കു സ്വാഗതമരുളി എന്നു പറഞ്ഞുവല്ലൊ. എന്നാൽ അദ്ദേഹത്തിന്റെ കൈവശമിരിക്കേണ്ടതായ സ്ഥലങ്ങളെ ഇംഗ്ലീഷുകാർ അദ്ദേഹത്തിനു വിട്ടുകൊടുത്തില്ല. അതിനാൽ ഈ സംഭവം അധികകാലം കഴിയുന്നതിനുമുമ്പു കൊച്ചിരാജാവിനു് ഇംഗ്ലീഷുകാരോടു നീരസം ജനിക്കുന്നതിനു കാരണമായി. ഇതു ക്രിസ്താബ്ദം 1800-ൽ ആയിരുന്നു.

ഇക്കാലത്തു കണ്ണൽമെക്കോള ആയിരുന്നു തിരുവിതാംകൂർ റസിഡണ്ടു്. അദ്ദേഹത്തിനു കൊച്ചിരാജ്യത്തിലും ചില അധികാരങ്ങൾ ഉണ്ടായിരുന്നു. ഇദ്ദേഹം സ്വേച്ഛാപ്രമത്തനായിരുന്നു. രാജാവിനെപ്പോലും തന്റെ കീഴിലുള്ള ഒരു ഉദ്യോഗസ്ഥനെപ്പോലെ വിചാരിച്ചാണു് ഇദ്ദേഹം പെരുമാറിവന്നതു്. കൊച്ചിരാജാവിനു് ഇതു് അശേഷം രസമായില്ലെന്നു മാത്രമല്ല അദ്ദേഹം ഇംഗ്ലീഷുകാരുടെ മൈത്രിയിൽ നിന്നൊഴിഞ്ഞു സ്വതന്ത്രനാകാനുള്ള മാർഗ്ഗങ്ങളാരാഞ്ഞുതുടങ്ങുകയും ചെയ്തു. പക്ഷെ തിരുമേനി 1805-ൽ തീപ്പെട്ടു.

പിന്നീടാണു ശക്തൻതമ്പുരാൻ രാജാവായതും ഇംഗ്ലീഷുകാരുമായി സഖ്യംചെയ്തതും. ശക്തൻതമ്പുരാന്റെ കാലശേഷം രാമവമ്മത്തമ്പുരാൻ സ്ഥാനാരോഹണം ചെയ്തു. അദ്ദേഹം ഹിന്ദുമതത്തെ പുലർത്തുവാൻ അത്യധികം യത്നംചെയ്തുവന്നിരുന്നു. അതിനാൽ ഭരണകാര്യ

ളിൽ അധികമായി ഇടപെടുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. മന്ത്രിപദമേറെറടുത്തിരുന്ന പാലിയത്തച്ചൻ ഭരണകാര്യങ്ങൾ നോക്കിത്തുടങ്ങി. പാലിയത്തച്ചന്റെ ഉദ്ദേശം ഇംഗ്ലീഷുകാരെ നാട്ടിൽനിന്നു് ഓടിക്കാനായിരുന്നു. അതിനുവേണ്ടി അദ്ദേഹം തിരുവിതാംകൂറിലെ മന്ത്രിയായ വേലുത്തമ്പിയെ കൂട്ടുപിടിച്ചു. ഇവർ രണ്ടു പേരുംകൂടി ഫ്രഞ്ചുകാരുടെ സഹായം അഭ്യർത്ഥിക്കയും ചെയ്തു. രാജാവിന്നു് ഇതു രസിക്കാഞ്ഞതിനാൽ അദ്ദേഹത്തെ വെള്ളാരപ്പിള്ളിയിൽ കൊണ്ടുപോയി താമസിപ്പിച്ചു.

ഒരുക്കങ്ങളെല്ലാം പൂർത്തിയായതിനുശേഷം 1808 ഡിസമ്പർ 18-ാംനു പാലിയത്തച്ചനും വേലുത്തമ്പിയുടെ കീഴിലുള്ള രണ്ടു സൈന്യാധിപന്മാരും ഒരു ചെറു സൈന്യവുമായി റസിഡണ്ടിന്റെ വാസസ്ഥലം വളഞ്ഞു വെടിതുടങ്ങി. റസിഡണ്ടു് ഒരു വിധം രക്ഷപ്പെട്ടു. ഒരു ഇംഗ്ലീഷു കപ്പലിനെ ശരണംപ്രാപിച്ചു. അച്ചന്റെ സൈന്യം ശത്രുക്കളുടെ സ്ഥലങ്ങൾ കൊള്ളയിടുകയും, തടവുകാരെ മോചിപ്പിക്കയും ചെയ്തു.

ഈ ജയങ്ങളും പരാക്രമങ്ങളും ക്ഷണനേരത്തേക്കു മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇംഗ്ലീഷുകാർ കണ്ണൽസൻ റൊലജ്ജരുടെ കീഴിലും, കണ്ണൽകപ്പാങ്കിന്റെ കീഴിലും രണ്ടു സൈന്യങ്ങൾ കൊച്ചിയിലേക്കയച്ചു. യുദ്ധത്തിൽ വേലുത്തമ്പിയും അച്ചനും തോറ്റു. അച്ചൻ ഇംഗ്ലീഷുകാക്കു കീഴടങ്ങി. അദ്ദേഹത്തെ അവർ മദിരാശിയിലേക്കു് അയച്ചു. ഇതു 1809-ൽ ആയിരുന്നു. 1821-ൽ അനുവാദം വാങ്ങി അച്ചൻ കാശിക്കുപോകുകയും അവിടെവെച്ചു 1832-ൽ മരിക്കയുംചെയ്തു.

൫. കണ്ണൽമൺറൊ—
ഒന്നാമത്തെ യൂറോപ്യൻ ദിവാൻ.

പാലിയത്തച്ചന്റേയും മറ്റും പരിശ്രമങ്ങൾ പരാജയത്തിൽ കലാശിച്ചതിന്റെശേഷം കണ്ണൽമെക്കോളയുടെ വലങ്കയ്യായി നിന്നിരുന്ന നടവരമ്പു് കുഞ്ഞിക്കൃഷ്ണമേനോൻ അന്നത്തെ വീരകേരളവമ്മരാജാവിന്റെ വലിയ സവ്വാധികായ്ക്കാർ അഥവാ പ്രധാന മന്ത്രിയായി. അദ്ദേഹത്തിന്റെ ഭരണം വളരെ അതൃപ്തികരമായിരുന്നു. തന്നിമിത്തം മെക്കോളയുടെശേഷം റസിഡണ്ടായി വന്ന കണ്ണൽമൺറൊ ഭരണകാര്യം കയ്യേറ്റു. മദിരാശി ഗവർമേണ്ടിന്റെ അനുവാദത്തോടും രാജാവിന്റെ സമ്മതത്തോടുംകൂടിയാണ് അദ്ദേഹം ഈ സ്ഥാനം ഏറ്റെടുത്തത്. 1812-ലാണ് കണ്ണൽമൺറൊ കൊച്ചി ദിവാനായത്.

രാജ്യത്തു നടന്നിരുന്ന അഴിമതികൾ നിവൃത്തൽചെയ്തു് ഉത്തമമായ രീതിയിൽ ഭരണം നടത്തണമെന്നായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഉദ്ദേശം. തന്മൂരാന്മായി ആലോചിക്കാതെ ഒന്നുംതന്നെ അദ്ദേഹം പ്രവത്തിച്ചിരുന്നില്ല. അദ്ദേഹം പെരിയ പട്ടാളങ്ങളെ രാജ്യത്തിന്റെ അതിത്തികളിലും മറ്റുമായി സ്ഥാപിച്ചു. ഇവരെ സഹായിക്കുവാൻ പോലീസുസൈന്യത്തേയും ഏർപ്പെടുത്തി. കള്ളന്മാരേയും കൂട്ടായ്മകവച്ചുക്കാരേയും അമത്തുകയായിരുന്നു ഇവരുടെ പ്രധാന ജോലി.

ദിവാൻതന്നെ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും

ചുറ്റിസഞ്ചരിച്ചു ജനങ്ങളുടെ ക്ഷേമത്തെപ്പറ്റി അന്വേഷിച്ചുപോന്നു. മെല്ലുന്ന സ്ഥലത്തെല്ലാം അവിടത്തെ പ്രമാണികളെ വിളിച്ചുകൂട്ടി അവരുടെ ആവലാതികൾ കേൾക്കയും ആവശ്യങ്ങൾ മോദിച്ചറിഞ്ഞു വേണ്ടവിധം പ്രവർത്തിക്കയും ചെയ്തുവന്നു. ജനങ്ങളെ ദ്രോഹിച്ചും, കൈക്കൂലി വാങ്ങിയും നടന്നിരുന്ന ഉദ്യോഗസ്ഥന്മാർക്കു കഠിനമായ ശിക്ഷ നല്കി.

നികുതി പിരിക്കുന്നതിനും നീതിന്യായങ്ങളെ പാലിക്കുന്നതിനും പ്രത്യേകം ഉദ്യോഗസ്ഥന്മാരെ നിയമിച്ചു. തുപ്പൂണിത്തുറയിലും, തൃശ്ശിവപേരൂരും ഓരോ കോടതികൾ സ്ഥാപിക്കയും, (ഹിന്തുക്കളിൽനിന്നും, ക്രിസ്ത്യാനികളിൽനിന്നും) ജഡ്ജിമാരെ നിയമിക്കയുംചെയ്തു.

ഇതിനും പുറമേ പല സക്കാരു് കെട്ടിടങ്ങളേയും ജീർണ്ണോദ്ധാരണംചെയ്കയും യാത്രാസൌകര്യത്തിനുവേണ്ടി രാജ്യത്തിന്റെ നാനാഭാഗത്തും നിരത്തുകൾ പണിതീർപ്പിക്കയുംചെയ്തു. മൺറൊ സായ്പിന്റെ ഭരണകാലത്തു വിദ്യാഭ്യാസത്തിനും രാജ്യത്തു ഒരു ഉണർവ്വുണ്ടായി. മുപ്പത്തിമൂന്നു മലയാളം പള്ളിക്കൂടങ്ങൾ അക്കാലത്തു സ്ഥാപിച്ചു.

ഇതെല്ലാം കണ്ട രാജാവു് സന്തുഷ്ടനായി ഗവർണർ ജനറാൾക്കു ദിവാനെ സ്തുതിച്ചുംകൊണ്ടു് ഒരു എഴുത്തെഴുതി. രാജ്യം തീരെ ചെറുതാണെന്നും, അതിന്റെ ധനസ്ഥിതി വളരെ പരിമിതമാണെന്നും, രാജ്യത്തിന്റെ അഭിവൃദ്ധിക്കു വേണ്ടിയുള്ള സംഗതികൾക്കായി മെലവഴിപ്പാൻതന്നെ പണം മതിയാകുന്നില്ലെന്നും തനിക്കും രാജകുടുംബത്തിനും രാജോചിതമായി മെലവഴിപ്പാൻ

പണം തികയുന്നില്ലെന്നും, അതിനാൽ കപ്പം കൂറക്കണമെന്നും മൺറൊസായ്പിന്റെ ഭരണം ഒന്നു മാത്രമാണു രാജ്യത്തെ ഈ വിധത്തിൽ അഭിവൃദ്ധിപ്പെടുത്തിയതെന്നും അദ്ദേഹം എഴുതിയിരുന്നു. ഇപ്രകാരം കൂറവുചെയ്തു കൊടുക്കേണ്ടതാണെന്നു കണ്ണൽമൺറോയും ശിപാശിചെയ്തിരുന്നു. ഇതിന്റെയെല്ലാം ഫലമായി 1818 മുതൽ കപ്പം രണ്ടുലക്ഷം ഉറുപ്പികയാക്കി കുറച്ചു.

ഇങ്ങിനെ കമ്മങ്ങളെല്ലാം വളരെ തൃപ്തികരമായ വിധത്തിൽ എത്തിച്ചശേഷം മൺറൊ 1819-ൽ ദിവാൻ പദത്തിൽനിന്നും ഒഴിഞ്ഞു. മൺറൊ സായ്പിനെപ്പറ്റി കേട്ടറിക്കാത്തവർ ഇന്നും കൊച്ചി രാജ്യത്തുണ്ടോ എന്നു സംശയമാണ്.

൮വ. ദിവാൻ ശങ്കരവാരിയർ

ശങ്കരവാരിയർ പതിനേഴുകൊല്ലം കൊച്ചി ദിവാൻ പദം അലങ്കരിച്ചിട്ടുണ്ട്. അദ്ദേഹം തൃശ്ശിവപേരൂരിനടുത്തുള്ള എടക്കുന്നി ദേശത്താണു ജനിച്ചത്. വിദ്യാഭ്യാസത്തിനുശേഷം സർക്കാർ ജോലിയിൽ പ്രവേശിച്ചു. ദിവാൻ നഞ്ചപ്പയ്യരുടെ ഗുമസ്തനായിട്ടാണ് ആദ്യം നിയമിക്കപ്പെട്ടത്. വളരെ ശ്രാണിയുള്ള കരാളായിരുന്നതിനാൽ ഉദ്യോഗത്തിൽ അദ്ദേഹത്തിനു ക്ഷണത്തിൽ കയറ്റം കിട്ടി. ദിവാന്റെ ആപ്പീസിൽ പ്രധാന എഴുത്തുകാരനായിട്ടാണു പിന്നത്തെ നിയമനം. പിന്നീടു ശിരസ്തദാരായും ദിവാൻപേഷ്കാരായും ജോലിനോക്കി. ഒടുവിൽ ദി

വാൻപദത്തിലെത്തി. ഇതു 1840 ജനുവരി 20-ാംനു ആയിരുന്നു.

ദിവാൻ ശങ്കരവാരിയർ ആദ്യമായി ശ്രദ്ധപതിച്ചതു രാജ്യത്തിന്റെ സാമ്പത്തികസ്ഥിതി നന്നാക്കുവാനായിരുന്നു. റവന്യൂ ഉദ്യോഗസ്ഥന്മാർ പിരിവുകാര്യങ്ങളിൽ വളരെ ഉദാസീനത കാണിച്ചിരുന്നു. തന്നിമിത്തമായിരുന്നു ഖജാനയിൽ പണം കുറവായിരുന്നതു്. ശങ്കരവാരിയർ ഭരണം തുടങ്ങിയപ്പോൾ ഖജനാവിൽ 371 ഉറുപ്പിക മാത്രമേ ഉണ്ടായിരുന്നുള്ളൂവത്രെ. പക്ഷെ രണ്ടുവർഷം കഴിഞ്ഞപ്പോഴക്കു് ഒന്നരലക്ഷം കെട്ടിവെപ്പുണ്ടാക്കി. ഉദ്യോഗസ്ഥന്മാക്കെല്ലാം ഇന്നത്തേതുപോലെ അതാതുമാസംതന്നെ ശമ്പളംകൊടുത്തുവന്നു. രാജ്യത്തിലെ മുതലെടുപ്പു പലവഴിക്കും അദ്ദേഹം വർദ്ധിപ്പിച്ചു.

രാജ്യത്തിൽ വണ്ടിപോകുവാൻ സൌകര്യമുള്ളതായി ഇന്നും നാം കാണുന്ന അനവധി പാതകൾ വെട്ടിച്ചതു ശങ്കരവാരിയരുടെ കാലത്തായിരുന്നു. ദൂരദേശത്തുനിന്നുള്ള യാത്രക്കാരുടെ സൌകര്യത്തിനു മുസാവരി ബങ്കളാവുകളും അദ്ദേഹം പണിമെയ്യിപ്പിച്ചു. ഒട്ടുവളരെ പാലങ്ങളും അദ്ദേഹം തീർപ്പിച്ചു. കൃഷിക്കും, കച്ചവടത്തിനും വേണ്ട പല സൌകര്യങ്ങളും അദ്ദേഹം ഉണ്ടാക്കി. കളങ്ങൾ, കിണറുകൾ എന്നിവ കുഴിപ്പിക്കുന്നതിലും അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ആസ്പത്രികളും, ഇംഗ്ലീഷുസ്കൂളുകളും ഇദ്ദേഹം സ്ഥാപിച്ചിട്ടുണ്ടു്. എറണാകുളത്തു നാം കാണുന്ന മഹാരാജാസു് കോളേജും, ജനറൽ ആസ്പത്രിയും ഇദ്ദേഹത്തിന്റെ കാലത്തു സ്ഥാപിച്ചവയാണു്.

കൊച്ചിരാജ്യത്ത് അടിമകൾക്ക് സ്വാതന്ത്ര്യം അനുവദിച്ചതും ശങ്കരവാരിയരുടെ കാലത്താണത്രെ.

ഇങ്ങിനെ ഏറ്റവും ശ്രേഷ്ഠമായ തരത്തിൽ രാജ്യം പുഷ്ടിപ്പെടുത്തിയും ജനങ്ങളിൽ സന്തുഷ്ടി വർദ്ധിപ്പിച്ചും കൊണ്ടിരുന്ന കാലത്തു 1856 ഒക്ടോബർ 23-ാംനു- അദ്ദേഹം ഇഹലോകവാസം വെടിഞ്ഞു.

ശങ്കരവാരിയരെപ്പറ്റി പാശ്ചാത്യർക്കും വളരെ ബഹുമാനമായിരുന്നു പൂർവ്വ ഇന്ത്യാ സംഘത്തിന്റെ നടത്തിപ്പുകാരായി ഇംഗ്ലണ്ടിൽ ഉണ്ടായിരുന്നവർക്കുംകൂടി ഇദ്ദേഹത്തെപ്പറ്റി നല്ലപോലെ അറിയാമായിരുന്നു. അന്നത്തെ റസിഡണ്ട് ആയിരുന്ന കല്ലൻ ഇദ്ദേഹത്തെപ്പറ്റി "കൊച്ചിയിലെ ഏറ്റവും യോഗ്യനായ ദിവാൻ "എന്നും മലബാർ കലക്ടർ" വളരെ ബുദ്ധിമാനും കൃത്യനിഷ്ഠയുള്ളവനുമായ ഉദ്യോഗസ്ഥൻ" എന്നും പറയുകണ്ടായിട്ടുണ്ട്.

---

൪൯. ദിവാൻ ശങ്കുണ്ണിമേനോൻ.

ദിവാൻ ശങ്കരവാരിയരുടെ മകനാണു തോട്ടെക്കാട്ട ശങ്കുണ്ണിമേനോൻ. 1860-ൽ വെങ്കിടറാവു ദിവാൻ പെൻഷ്യൻപറ്റി പിരിഞ്ഞതിന്റെ ശേഷം ദിവാൻ പദത്തിലെത്തി 20 കൊല്ലം കൊച്ചി ദിവാനായിരുന്ന മഹാനുഭാവൻ ശങ്കുണ്ണിമേനോനായിരുന്നു.

ഇദ്ദേഹം ഈ സ്ഥാനത്തെ സ്വീകരിക്കുന്നതിനു മുൻപു ബ്രിട്ടീഷു ഗവർമ്മേണ്ടിന്റെ കീഴിൽ പല ജോലി

കളും നോക്കിയിട്ടുണ്ട്. തന്നിമിത്തം നവീനരീതിയി
ലുള്ള ഭരണസമ്പ്രദായങ്ങൾ അദ്ദേഹത്തിനു സുപരിചി
തങ്ങളായിരുന്നു.

ദിവാനായിത്തീർന്ന ഉടനെ രാജാവിന്റെ ഒരു സേ
വകനും സ്വാധീയുമായിരുന്ന പരമേശ്വരപട്ടരിൽനിന്നു
പലേ ഉപദ്രവങ്ങളും അദ്ദേഹത്തിനു സഹിക്കേണ്ടിവ
ന്നിട്ടുണ്ട്. 1864-ൽ അന്നത്തെ രാജാവു തീപ്പെട്ട സർ
രാമവർമ്മ സിംഹാസനാരോഹണം ചെയ്തപ്പോൾ തിരുമേ
നി ഭരണകാര്യം മുഴുവൻ ദിവാൻജിക്കായി വിട്ടുകൊടുത്തു.
ഈ അവസരം നോക്കി ശങ്കുണ്ണിമേനോൻ പരമേശ്വര
പട്ടരെ നെമ്മാറക്കു നാടുകടത്തി പകവീട്ടി.

ശങ്കുണ്ണിമേനോൻ രാജ്യത്തിനു പലെ നന്മകളും
ചെയ്തിട്ടുള്ള ഒരു ദിവാനായിരുന്നു. നല്ല പഠിപ്പുള്ളവരെ
മാത്രമെ ഉയർന്ന ഉദ്യോഗങ്ങളിലേക്കു നിയമിച്ചിരുന്നുള്ളു.
എല്ലാ താലൂക്കിലും ഓരോ മുൻസിഫ് കോടതി സ്ഥാപി
ക്കയും, ഇതിലെ ഉദ്യോഗസ്ഥന്മാർക്കു നല്ല ശമ്പളം നിശ്ച
യിക്കയുംചെയ്തു.

1868-ൽ ഒരു മരാമത്തു വകുപ്പ് ഏർപ്പെടുത്തി അ
തിന്റെ മേലധികാരിയായി ഒരു പാശ്ചാത്യ എഞ്ചിനീ
യരെ നിയമിച്ചു. പിതാവിന്റെ കാലത്തുണ്ടാക്കിയ വെ
ട്ടുവഴികളിൽ പലതും പുതുക്കിച്ചു. എന്നുതന്നെയല്ല വ
ളരെ നിരത്തുകളും, പാലങ്ങളും പുതുതായി നിർമ്മിക്കയും
ചെയ്തു. അക്കാലത്താണു പെരുവണ്ണാർ അഥവാ ഷൊർ
ണൂർ പാലം പണിയിച്ചതു്. കച്ചവടാവശ്യത്തിനും,
കൃഷിക്കുംവേണ്ടി തോടുകളും വെട്ടിക്കാതിരുന്നില്ല. ചിറ
ക്കൽ തോടു് അന്നാണു വെട്ടിച്ചതു്. തീവണ്ടി നടപ്പിൽ

വരുത്തുന്നതിന്നും വേണ്ടതായ ആലോചനകഠം നടത്തി വന്നു. ശങ്കരവാരിയരുടെ കാലത്തു എറണാകുളത്തു സ്ഥാപിച്ച സ്കൂഠം രണ്ടാം ഗ്രേഡ് കോളേജായി രൂപാന്തരപ്പെടുത്തി. അതിന്റെ മേലധികാരിയായി 'സീലിസായ്പി'നെ നിശ്ചയിച്ചു. ഇതിനുംപുറമെ ഓരോ താലൂക്കിലും ഓരോ ഇംഗ്ലീഷു സ്കൂളും സ്ഥാപിച്ചു.

ആസ്പത്രികളുടെ കായ്വും അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പെടാതിരുന്നില്ല. എറണാകുളത്തെ ആസ്പത്രി പരിഷ്കരിച്ചതും തൃശ്ശിവപേരൂർ മുതലായ സ്ഥലങ്ങളിൽ ആസ്പത്രികഠം സ്ഥാപിച്ചതും ഇദ്ദേഹമാണ്.

ഇങ്ങിനെ രാജ്യത്തിന്റെ അഭിവൃദ്ധിക്കും കൊച്ചിക്കാരുടെ നന്മക്കുമായി അദ്ദേഹം പ്രവൃത്തിയെടുത്തു രാജ്യത്തിലെ മുതലെടുപ്പു കൂട്ടുകയും ജനങ്ങഠംക്കു ക്ഷേമം വർദ്ധിക്കയുംചെയ്തു. വിക്ടോറിയാ ചക്രവർത്തിനി അദ്ദേഹത്തിന്റെ ശ്രമഫലമായി സി. എസ്സ്. ഐ. എന്ന ബഹുമതി കല്പിച്ചുകൊടുക്കയുണ്ടായിട്ടുണ്ട്. ദേഹസുഖമില്ലാത്തതിനാൽ 1829-ൽ അദ്ദേഹം ജോലിയിൽ നിന്നു പിരിഞ്ഞു. 1833-ൽ ചരമഗതിയെ പ്രാപിക്കയുംചെയ്തു.

൨൦. രാജഗോപാലാചാരിയും കൊച്ചി തീവണ്ടിയും—(സ്ഥാനത്യാഗംചെയ്ത പുണർതം തിരുനാൾ സർ രാമവർമ്മ മഹാരാജാവും, മാതൃകാരാജ്യമായ കൊച്ചിയും.)

ശങ്കുണ്ണിമേനോനെ തുടർന്ന് അദ്ദേഹത്തിന്റെ സഹോദരൻ കൊച്ചുഗോവിന്ദമേനോനും അദ്ദേഹത്തിന്റെ ശേഷം തിരുവെങ്കിടാചാര്യരും ദിവാന്മാരായി. പിന്നീട് വി. സുബ്രഹ്മണ്യൻപിള്ള ദിവാനായി. അന്നത്തെ രാജാവ് വീരകേരളവർമ്മയായിരുന്നു. അദ്ദേഹം 1895-ൽ തീപ്പെട്ടതിന്റെ ശേഷം "സ്ഥാനം ഒഴിഞ്ഞ തമ്പുരാൻ" എന്നു് ഇന്നും കേരളീയരാൽ അറിയപ്പെടുന്ന സർ ശ്രീ രാമവർമ്മ മഹാരാജാവു 1895 ഒക്ടോബർ 23-ാംനു- സ്ഥാനാരോഹണംചെയ്തു.

നയകുശലനും ക്ഷുരാഗ്രബുദ്ധിയും മഹാമനസ്കനുമായ ഇദ്ദേഹം വളരെ പഠിപ്പുള്ളവനും രാജ്യഭരണതന്ത്രത്തിൽ അഭിവിദഗ്ധനുമായിരുന്നു. ഈ മഹാരാജാവിന്റെ കാലത്തു കൊച്ചിരാജ്യം ഒരു ഉന്നതസ്ഥിതിയിലെത്തിച്ചേരുകയുംചെയ്തു.

മഹാരാജാവിനെ സഹായിക്കാനായി തക്ക പ്രാപ്തിയുള്ളവരും ഭരണകുശലന്മാരുമായ ദിവാന്മാരും അന്നുണ്ടായിരുന്നു. സുബ്രഹ്മണ്യൻപിള്ളയാണു് ഇദ്ദേഹത്തിന്റെ കാലത്തു ആദ്യത്തെ ദിവാൻ. 1896-ൽ ഈ ദിവാൻപദത്തിൽ നിന്നൊഴിയുകയും സർ രാജഗോപാലാചാരി ദിവാനാകയുംചെയ്തു. ഇദ്ദേഹം ബ്രിട്ടീഷിൽ ഒരു ഉയർന്ന

ഉദ്യോഗസ്ഥനായിരുന്നു. ദിവാനായി വന്ന ഉടനെ തീവണ്ടി നടപ്പിലാക്കേണ്ട കാര്യത്തിലാണു ശ്രദ്ധപതിച്ചതു്. അന്നത്തെ റസിഡണ്ടായിരുന്ന സർ ഹ്യൂഗറിക്ക് നിക്കൽസനുമായി ആലോചിച്ചു് ഇതിനുവേണ്ട ഏർപ്പാടുകൾ ചെയ്തു. ഇന്ത്യാ ഗവർമ്മേണ്ടിന്റെ അനുമതി വാങ്ങിയശേഷം 1899-ൽ പാതയുടെ പണി ആരംഭിച്ചു. മദ്രാസിലെ റെയിൽവെ കമ്പനിക്കാരാണു പണി ഏറ്റെടുത്തിരുന്നതു്. 1902-ൽ പണി പൂർത്തിയായി. ആളുകളെ കയറ്റികൊണ്ടുള്ള വണ്ടി 1902 ജൂലായി 16-ാംനു-യാണു് ഈ പാതയിൽകൂടി ഓടിച്ചതു്. ഈ പാത പെരുവണ്ണാർനിന്നു് എറണാകുളംവരെ സുമാറു് 65 നാഴിക നീളമുണ്ടു്. ടാംവെ നടപ്പാക്കിയതും തീവണ്ടി വന്നതോടുകൂടി ഇദ്ദേഹമാണു്. കച്ചവടസംബന്ധമായി കൊച്ചി മേല്പ്പുമേൽ അഭിവൃദ്ധി പ്രാപിച്ചുതുടങ്ങി. രാജഗോപാലാചാരി ഉദ്യോഗത്തിൽനിന്നും പിരിഞ്ഞശേഷം പട്ടാഭിരാമറാവു, ബാനർജി എന്നിവർ ദിവാന്മാരായിരുന്നിട്ടുണ്ടു്. ഭൂമികളുടെ നികുതി തിട്ടപ്പെടുത്തിയതും മറ്റും പട്ടാഭിരാമറാവുവിന്റെ കാലത്തായിരുന്നു. ബാനർജി വിദ്യാഭ്യാസം, അഞ്ചൽ, മരാമത്തു മുതലായ വകുപ്പുകളിൽ പല പരിഷ്കാരങ്ങളും വരുത്തിയിട്ടുണ്ടു്. ബോർ ദിവാനായതു ബാനർജിയുടെ ശേഷമാണു്. അതു ലോകമഹായുദ്ധം തുടങ്ങിയ ഉടനെയായിരുന്നു. (1914)

യുദ്ധം തുടങ്ങിയതു 1915-ൽ ആയിരുന്നുവല്ലൊ ആകൊല്ലംതന്നെ മഹാരാജാവു തിരുമനസ്സുകൊണ്ടു രാജ്യഭരണത്തിൽനിന്നൊഴിഞ്ഞു. 1932-ൽ കാനാട്ടുകരെവെച്ചാണു തിരുമേനി തീപ്പെട്ടതു്. തിരുമേനിയുടെ ഒരു

പ്രതിമ എറണാകുളത്തു സ്ഥാപിച്ചിട്ടുണ്ട്. തിരുമേനിക്കു കെ. സി. എസ്സ്. ഐ. ജി. സി. എസ്സ്. ഐ. എന്നീ സ്ഥാനങ്ങൾ ഇന്ത്യാ ചക്രവർത്തിയിൽനിന്നു ലഭിക്കയുണ്ടായിട്ടുണ്ട്.

---

൨൮. കൊച്ചിയിലെ ആദ്യത്തെ മഹാരാജാവായ അത്തം തിരുനാൾ സർ രാമവർമ്മത്തമ്പുരാൻ.

കൊച്ചിരാജ്യത്തു നിയമനിർമ്മാണസഭ തുടങ്ങിവെച്ചതു തിരുമനസ്സിലെ കാലത്തായിരുന്നു. 1915-ലാണു സർ രാമവർമ്മ ജി. സി. ഐ ഇ. സ്ഥാനാരോഹണം ചെയ്തതു്.

1915-ൽ ബോർ ആയിരുന്നു ദിവാൻ എന്നു പറഞ്ഞുവല്ലൊ. യുദ്ധകാലത്തു കൂലിവേലക്കാരുടെ പട്ടിണി കണ്ടു് അദ്ദേഹം അതിനൊരു നിവാരണമാർഗ്ഗമായി തോടുകൾ വെട്ടിക്കുക, റോഡുകൾ നിർമ്മിക്കുക എന്നിവ ചെയ്യിക്കുവാൻ തുടങ്ങി. അപ്പോൾ പാവങ്ങൾക്കു ജോലിയുമായി. സ്കൂളുകളിലെ ശിശുക്ലാസ്സു് എടുത്തുകളഞ്ഞതും താഴ്ന്ന ക്ലാസ്സുകളിലെ മാസ്റ്റർമാരുടെ ശമ്പളം വർദ്ധിപ്പിച്ചതും, അഞ്ചും, ആറും ഉറുപ്പിക മാസപ്പടി വാങ്ങിയിരുന്ന സക്കാർ ജീവനിക്കാരുടെ മാസപ്പടി എടുറുപ്പികയാക്കി കൂട്ടിയതും ദിവാൻ ബോർതന്നെയായിരുന്നു. ഇദ്ദേഹം 1919-ൽ ജോലിയിൽനിന്നും ഒഴിഞ്ഞു.

പിന്നീടു ദിവാനായിവന്ന മിസ്റ്റർ വിജയരാഘവാചാര്യരുടെ കാലത്തു് പറയത്തക്ക പരിഷ്കാരങ്ങളൊന്നും

ഉണ്ടായിട്ടില്ല. വല്ലതും ഉണ്ടെങ്കിൽ അതു മാലക്കുടിയിൽ ഇന്നു നാം കണ്ടുവരുന്ന പുലയ "കോളനിയാണ്". അദ്ദേഹത്തിന്നു താഴ്ന്ന സമുദായങ്ങളോടു് വലിയ അനുകമ്പയുണ്ടായിരുന്നു എന്നതിന്നു് ഇതു് ഉത്തമസാക്ഷ്യം വഹിക്കുന്നുണ്ടു്.

മൂന്നുകൊല്ലം മാത്രമേ ഇദ്ദേഹം ദിവാനായിരുന്നുള്ളൂ. പിന്നീടു പരവക്കാട്ടു നാരായണമേനോൻ ദിവാനായി. കായ്മയായ പരിഷ്കാരങ്ങൾ ഒന്നും ഇദ്ദേഹത്തിന്റെ കാലത്തു ഉണ്ടായിട്ടില്ല. നാരായണമേനോന്റെ കാലാവധിക്കുശേഷം ടി. എസ്സു്. നാരായണയ്യർ ദിവാൻ പദം ഏറ്റെടുത്തു. ശങ്കുണ്ണിമേനോൻ ദിവാന്റെ കാലത്തു് എറണാകുളത്തു് ഒരു രണ്ടാംഗ്രേഡ്കോളേജുണ്ടായിരുന്നുവല്ലോ. അതിനെ ഒന്നാംഗ്രേഡ് കോളേജു് ആക്കി. മറ്റെല്ലാ സംഗതികളിലും കൂട്ടാകെ നോക്കുന്നതായാൽ അഭിവൃദ്ധിതന്നെയാണുണ്ടായിട്ടുള്ളതു്. കൊച്ചി നിയമനിർമ്മാണസഭ ഏർപ്പെടുത്തിയതും ഇക്കാലത്തുതന്നെയായിരുന്നു.

ഇങ്ങിനെ ഈ രാജാവിന്റെ വാഴ്ചക്കാലത്തു പല മേന്മകളും കൊച്ചിക്കുണ്ടായിട്ടുണ്ടു്. ഈ മഹാരാജാവു മദ്രാസ്സിൽവെച്ചു വാർദ്ധക്യസഹജമായ രോഗബാധയാൽ 1932-ൽ തീപ്പെട്ടു. തിരുമേനിക്കു് വിഷവൈദ്യത്തിലും ആയുർവ്വേദചികിത്സയിലും അസാമാന്യപാടവമുണ്ടായിരുന്നു എന്നു പറയാതെ നിവൃത്തിയില്ല. തൃശ്ശിവപേരൂർ മുൻസിപ്പൽ കെട്ടിടത്തിന്നരികത്തായി ഈ തിരുമേനിയുടെ ഒരു പ്രതിമ സ്ഥാപിച്ചിട്ടുണ്ടു്.

൨൨. ചൊവ്വരെവെച്ചു തീപ്പെട്ട ധാമ്മിക ചക്രവത്തി ശ്രീമൂലംതിരുനാൾ സർ, ശ്രീരാമവമ്മ ജി. സി. ഐ, എൽ. എൽ. ഡി.

1861 ഡിസമ്പർ 30-ാംനു-യാണു തിരുമേനിയുടെ ജനനം. തിരുമൂപ്പുകിട്ടിയതു 1932-ലാണു്. അന്നു് അദ്ദേഹത്തിനു എഴുപത്തി രണ്ടു വയസ്സു പ്രായമായിരുന്നു. രണ്ടതു കൊല്ലത്തോളം ഈ തിരുമേനി രാജ്യം ഭരിക്കയുണ്ടായിട്ടുണ്ടു്.

തിരുമേനി സ്ഥാനാരോഹണം ചെയ്തകാലത്തു സി. ജി. ഹെർബർട്ടു് ആയിരുന്നു കൊച്ചി ദിവാൻ. കൊച്ചി ഭൂപണയബാങ്കിന്റെ ഉത്ഭവം ഹെർബർട്ടിന്റെ കാലത്തായിരുന്നു. എന്നാൽ അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിനുമുമ്പു് അദ്ദേഹം ബ്രിട്ടീഷു് ഭരണസമിതിയിൽ ഒരു ഉയന്ന ഉദ്യോഗസ്ഥനായി പോയി. 1934-ൽ സർ, ആർ. കെ. ഷൺമുഖംചെട്ടി ദിവാനായി നിയമിക്കപ്പെട്ടകയുംചെയ്തു.

ഇദ്ദേഹം പല പരിഷ്കാരങ്ങളും നടപ്പിൽവരുത്തി. ഇതരനാട്ടുരാജ്യങ്ങളെ അപേക്ഷിച്ചു കൊച്ചിക്കു് ഒന്നാംസ്ഥാനംതന്നെ കരസ്ഥമാക്കി. ഉത്തരവാദിതപ്രഭരണനയം കൊച്ചിക്കാക്കുന്നോക്കിക്കൊടുത്തതാണു് ഈ ദിവാന്റെ പരിഷ്കാരങ്ങളിൽ ഏറ്റവും ശ്രേഷ്ഠവും പ്രഥമവുമായ സ്ഥാനത്തെ അഹിക്കുന്നതായ പ്രവൃത്തി. ആയുർവ്വേദ ചികിത്സക്കു കൊച്ചിയിൽ പ്രചാരംവരുത്തിയതു്,

ഭ്രപണയബാങ്ക് പ്രവൃത്തിരൂപത്തിൽ കൊണ്ടുവന്നതു്, ഹജൂർ പരിഷ്കരിച്ചതു്, തുറമുഖകായ്ത്തിൽ കൊച്ചിക്കു് ഒട്ടും മോശമല്ലാത്ത ഒരു തീരുമാനമുണ്ടാക്കിയതു്, വിദ്യുച്ഛക്തിവിതരണഏർപ്പാടുമൂലം നാട്ടിലെ വലിയ പട്ടണങ്ങളെ പരിഷ്കരിച്ചതു്, നിയമസഭാംഗങ്ങളെ തിരഞ്ഞെടുക്കാനുള്ളവരുടെ വോട്ടവകാശം വിപുലമാക്കിയതു് ഇങ്ങിനെ ഒട്ടനേകം പരിഷ്കാരങ്ങൾ സർ, ഷൺമുഖം മെട്ടിയാരുടെ കാലത്തുണ്ടായവയായി കണക്കാക്കപ്പെടാവുന്നതാണു്.

നാട്ടിലെ ഓരോരോ സംഗതികളെപ്പറ്റിയും പ്രജകളുടെ ക്ഷേമത്തെപ്പറ്റിയും തിരുമനസ്സുകൊണ്ടു് അനേഷിച്ചു മനസ്സിലാക്കുകയും വേണ്ടവിധത്തിൽ പ്രവൃത്തിക്കയും മെയ്തിരുന്നു. മഹാമനസ്കനും, കലാകുശലനും ധാമ്മികനും, പ്രജാവത്സലനും, ഈശ്വരഭക്തനുമായ ഈ മഹാരാജാവു 1116 മേടമാസം 1-ാംനു തന്റെ എൺപതാമത്തെ വയസ്സിൽ മൊവ്വര കൊട്ടാരത്തിൽവെച്ചു തീപ്പെട്ടു പള്ളി ശവം വെള്ളാരപ്പിള്ളി തെക്കെ കോവിലകത്തുവെച്ചു സംസ്കരിക്കയുംമെയ്തു.

---

൨൯. നാടുവാണരുളുന്ന കേരളവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു്.

ഇപ്പോൾ നമ്മെ ഭരിക്കുന്ന ശ്രീ കേരളവർമ്മ മഹാരാജാവു തിരുമനസ്സുകൊണ്ടു 1039 വൃശ്ചികം 29-ാംനു യാണു ഭൂജാതനായതു്. മൊവ്വരത്തിൽത്തന്നെ തിരുമ

നസ്സുകൊണ്ടു വിദ്യാസമ്പാദനത്തിൽ വളരെ ഉത്സാഹ
മുള്ളവനായിരുന്നു. സ്ഥിരോത്സാഹത്താൽ അനന്യസ
ധാരണമായ വിദ്യ അദ്ദേഹം സമ്പാദിക്കയുംചെയ്തു. ക
ല്ലേറുങ്കര അച്ചുതപ്പിഷാരടിയും, പാറമേക്കാവു രാമൻ
നമ്പ്യാരുമായിരുന്നു തിരുമനസ്സിലെ ഗുരുഭൂതന്മാർ എന്നാ
റിയുന്നു.

ജ്ഞാനസമ്പാദനത്തിൽ അവിടുത്തേക്കു് അനിതര
സാധാരണമായ താല്പര്യമുണ്ടായിരുന്നതിനാൽ കാവ്യനാ
ടകാലങ്കാരാദികളിലും പിന്നീടു വേദാന്തം, ഗണിതശാ
സ്ത്രം, എന്നിവയിലും അനല്പമായ അറിവു സമ്പാദിച്ചു.
ആംഗ്ലേയ ഭാഷാപഠനം കാലസ്ഥിതിക്കു് അത്യന്താപേ
ക്ഷിതമായി തോന്നിയതിനാൽ ആ ഭാഷയേയും കരസ്ഥ
മാക്കാൻ തിരുമനസ്സുകൊണ്ടു പ്രത്യേകം ശ്രദ്ധപതിപ്പിച്ചു.
അതിലും അദ്ദേഹത്തിനു നല്ല പരിജ്ഞാനം അനായാ
സേന സിദ്ധിച്ചു. ഇന്നും ആംഗ്ലേയഭാഷയിൽ വിവിധ
വിഷയങ്ങളെപ്പറ്റി പ്രതിപാദിക്കുന്നതും ഒന്നാംകിട
യിൽ നില്ക്കുന്നതുമായ സാമാന്യം പുസ്തകങ്ങളെല്ലാം തി
രുമനസ്സുകൊണ്ടു വായിച്ചു മനസ്സിലാക്കാറുണ്ടു്. ഇതിനെ
ല്ലാം പുറമെ ഭരണതന്ത്രം, ധനശാസ്ത്രം, തത്വശാസ്ത്രം,
വൈദ്യശാസ്ത്രം എന്നിവയിലും തിരുമനസ്സിലേക്കു സാമാ
ന്യത്തിലധികം പാണ്ഡിത്യമുണ്ടു്. പ്രഥമ ശ്രവണത്തിൽ
ത്തന്നെ ഏതു കാര്യവും മനസ്സിലാക്കാനുള്ള ബുദ്ധിവൈ
ഭവം തിരുമനസ്സിലേക്കുണ്ടായിരുന്നതിനാൽ "മിടുക്കൻ
തമ്പുരാൻ" എന്ന അപരനാമധേയത്തിനും ഇദ്ദേഹം പാ
ത്രീഭവിച്ചു. ഈ പേർ വാസ്തവത്തിൽ അന്വർത്ഥവുമാണു്.

തിരുമനസ്സുകൊണ്ടു 1116 എടവം 10-ാം തിയ്യതി

യാണ സിംഹാസനാരോഹണംചെയ്തത്. കൊച്ചിരാജ്യത്തിലെ പ്രധാനപ്പെട്ട മേലുദ്യോഗസ്ഥന്മാർ, നാട്ടുപ്രമാണികൾ, സ്ഥാനമാനികൾ മേൽകോയ്മയിൽനിന്നു നിശ്ചയിച്ചയച്ച പൊളിറ്റിക്കൽ ഏജൻറു മുതലായവരുടെ സാന്നിദ്ധ്യത്തിൽ എറണാകുളത്തുള്ള ഡർബാർ ഹോളിൽ (ശാലയിൽ) വെച്ച് ഇതിൻെറ ചടങ്ങുകൾ നിവ്വഹിക്കപ്പെട്ടു. തിരുമനസ്സിലെ അരിയിട്ടവാഴ്ച നടത്തിയതു മട്ടാഞ്ചേരിയിലുള്ള പഴയന്നൂർ ക്ഷേത്രത്തിൽവെച്ചു തന്നെയായിരുന്നു.

പ്രജാക്ഷേമതല്പരനും ആശ്രിതവത്സലനും ആയ തിരുമനസ്സുകൊണ്ടു ധനവാൻ എന്നൊ, ദരിദ്രൻ എന്നൊ അഥവാ പണ്ഡിതൻ എന്നൊ പാമരൻ എന്നൊ ഉള്ള വ്യത്യാസമെന്നിയെ ഓരോരുത്തരുടേയും സങ്കടങ്ങൾ നേരിട്ടുകേട്ടറിഞ്ഞു പുരുവംശരാജാക്കന്മാരെപ്പോലെ ആദർശപുരുഷനായിട്ടു വിധിയാംവണ്ണം ഇപ്പോൾ രാജ്യം പരിപാലിച്ചുപോരുന്നു. തങ്ങളുടെ സങ്കടങ്ങൾ ഉണത്തിച്ചു നിവാരണം സിദ്ധിച്ച പ്രജകളാകട്ടെ പരിതുഷ്ടിയോടുകൂടി ജീവിതം നയിക്കുന്നു.

മഹാരാജാവു തിരുമനസ്സുകൊണ്ടു് ആയുരാരോഗ്യാദിസവ്വസമ്പൽസമൃദ്ധിയോടുകൂടി നീണാൽ വാഴുവാൻ ജഗദീശ്വരൻ കടാക്ഷിക്കട്ടെ.